FOR PRIVATE CIRCULATION ONLY

അൽമായവേദി

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദിയുടെ മുഖപത്രം

M2. 18821/06 | 9 ആഗസ്റ്റ് 2013

അത്മായ രത്നം ഇ.ജെ. ജോസഫ് എറികാട്ടു

തോമസ് ചാണ്ടി

ജനറൽ സെക്രട്ടറി, അൽമായവേദി

മലങ്കര സഭയുടെ എക്കാലത്തെയും മികവുറ്റ സമുദായ സെക്രട്ടറി, സഭക്ക് ഇന്നുവരെ ലഭിച്ച ഏറ്റവം മികച്ച അത്മായ നേതാക്കളിൽ മുൻ നിരയിൽ ഗണിക്കപ്പെടുവാൻ എന്തുകൊണ്ടും യോഗ്യതയുള്ള ഒരു സഭാ സ്നേഹി, എല്ലാമായ ഒരു മഹദ് വ്യക്തിത്തമാണ് ശ്രീ. ഇ.ജെ. ജോസഫിന്റെ വേർപാടിലൂടെ മലങ്കര സഭക്ക് നഷ്ടപ്പെട്ടത്.

വട്ടശ്ശേരി തിരുമേനിയുടെ ഭരണകാലത്ത് അൽമായ ട്രസ്റ്റി ആയിരുന്ന, എറികാട്ടു കുഞ്ചപ്പൻ എന്നറിയപ്പെട്ടിരുന്ന ഇ.ജെ. ജോസഫ് (സീനിയർ) ന്റെ മകനായ ഇ.ജെ. ജോസഫ് പതിനേഴാം വയസ്സിൽ വട്ടശ്ശേരിൽ തിരുമേനിയുടെ രോഗശയ്യ ശുശ്രൂഷ മുതൽ ആരംഭിച്ച് സഭാ സേവനം സ്വയം ശയ്യവലബിയാകുന്നത് വരെ തുടർന്നു. ഒരു നൂറ്റാണ്ടോളം (96 വയസ്സുവരെ) നീണ്ടുനിന്ന ജീവിതത്തിൽ ഓരോ ശ്വാസത്തിലും സഭ എന്ന് മാത്രം ചിന്തിക്കയും പ്രവർത്തിക്കയും ചെയ്ത ആ മഹാത്മാവിന്റെ വേർപാട് സഭക്ക് ഒരു വലിയ നഷ്ടം തന്നെയാണ്.

എന്റെ പിതാവിന്റെ സ്നേഹിതൻ, കുടുംബപരമായി ഉള്ള ബന്ധുത്വം, ഒരേ ഇടവകക്കാരും നാട്ടുകാരും എന്ന അടുപ്പം, സഹപാഠിയുടെ പിതാവ് എന്ന നിലയിലുള്ള ബഹുമാനം എന്നതിനെക്കാളെല്ലാം എന്നെ ആകർഷിച്ചതു അദ്ദേഹത്തിന്റെ വ്യക്തി ജീവിതത്തിലുള്ള അനേക ഗുണങ്ങളായിരുന്നു. പ്രാർത്ഥന നോമ്പ് ഉപവാസങ്ങളിലെ നിഷ്ഠകൾ ആശ്രമസ്തരെ അതിശയിക്കുന്നതായിരുന്നു. മൃദു ഭാഷിയും വിരൽതുമ്പുകൾ വരെയുള്ള മാന്യത പുലർത്തുന്ന പെരുമാറ്റം, സത്യസന്ധത, നിലപാടുകളിലെ ആർജവത്വം ഇവക്കെല്ലാം ഒരു സാക്ഷി അല്ലായിരുന്നങ്കിൽ, ഈ കാലഘട്ടത്തിൽ അങ്ങനെ ഒരാൾ ജീവിച്ചിരുന്നു എന്ന് വിശ്വസിക്കുവാൻ പ്രയാസമായിരുന്നെനേ. സ്വന്തമായിട്ടുള്ള എന്തിനേക്കാളും സഭയും സഭാകാര്യങ്ങളും ആണെന്ന് ആത്മാർത്ഥമായി വിശ്വസിച്ചിരുന്ന ഒരു വ്യക്തി ഈ ഇരുപതു -ഇരുപത്തൊന്നു നൂറ്റാണ്ടുകളിൽ ഈ നാട്ടിൽ ജീവിച്ചിരുന്നു എന്ന് പറഞ്ഞാൽ പലർക്കും വിശ്വസിക്കുവാൻ പ്രയാസമായിരിക്കും. എന്നാൽ അദ്ദേഹവുമായി അടുത്തിടപഴകിയ പലരും അതിന് ദൃക്സാക്ഷികളായി ഇന്നും ജീവിച്ചിരിപ്പുണ്ട്.

സഭക്ക് വേണ്ടി പ്രവർത്തിക്ക എന്നാൽ പുഷ്പശയ്യ അല്ലെന്നും മറിച്ച് മുള്ളുകളുടെ ഇടയിലൂടെയുള്ള പ്രയാണമാണെന്നും ഉള്ള അറിവ് അനുഭവത്തിലൂടെ അദ്ദേഹത്തിന് ചെറുപ്പത്തിൽ തന്നെ ലഭിച്ചിരുന്നു. വട്ടശ്ശേരിൽ തിരുമേനിയുടെ ഭരണകാലത്ത് സമുദായക്കേസിന്റെ ഫലമായി സമുദായ ട്രസ്റ്റി ആയിരുന്ന ഇ.ജെ. ജോസഫ് (സീനിയർ) (എറികാട്ടു കുഞ്ചപ്പന്റെ) വീടുൾപ്പടെയുള്ള സ്വത്തുക്കൾ സർക്കാരിൽ നിന്നും പൂട്ടി മുദ്രവച്ചപ്പോൾ മുതൽ സഭക്കുവേണ്ടി പ്രവർത്തിക്ക എന്നാൽ കഷ്ടനഷ്ടങ്ങൾ സഹിക്കുക എന്നതാണെന്ന സത്യ അദ്ദേഹം ഉൾക്കൊണ്ടു. 1951 ൽ സമുദായ സെക്രട്ടറി പദം ഏൽക്കുമ്പോൾ അദ്ദേഹത്തിന് വയസ്സ് 33. സമുദായ കേസിൽ കേരള ഹൈക്കോടതിയിൽ നിന്നും ഉണ്ടായ നിരാശാജനകമായ വിധിയിൽ ഭാഗ്നാശരായ സഭാ സ്നേഹികളെ ഉത്തേജിപ്പിച്ച നടപടികൾ യുവാവായ സമുദായ സെക്രട്ടറിയുടെ ധിഷണ വൈഭവും കർമകുശലതയും വിളിച്ചോതുന്നതായിരുന്നു. കൽക്കട്ടയിൽ നിന്നും ട്രെയിൻ മാർഗം കൊട്ടാരക്കരയിൽ എത്തിയ ഗീവർഗ്ഗീസ് ബാവയ്ക്ക് നല്കിയ ചരിത്രപരമായ വരവേല്പ് സഭാ മക്കളുടെ ആത്മവീര്യം വീണ്ടെടുക്കുവാൻ കുറച്ചൊന്നുമല്ല സഹായകമായത്. തുടർന്നുള്ള സുപ്രീം കോടതിയിലെ കേസ് നടത്തിപ്പ്, സമ്പൂർണ്ണ ജയത്തിൽ അവസാനിച്ച വിധി, തുടർന്നുണ്ടായ പരസ്പരം സ്വീകരണം, ഇവയിലെല്ലാം നേതൃത്വപരമായ പങ്കു വഹിച്ചതിനാൽ അദ്ദേഹത്തിന് ചരിത്രത്തിൽ ഇടം നേടാനായി. യോജിപ്പിനുശേഷമുള്ള പുത്തൻകാവ് അസോസിയേഷന്റെ മുഖ്യ സംഘാടകനായും വിലപ്പെട്ട സേവനം അദ്ദേഹം കാഴ്ച വച്ചു.

അൻപത്തെട്ടിലെ സുപ്രീം കോടതി വിധിയെ തുടർന്ന് നടന്ന സഭാ സമാധാനത്തിനുള്ള സുദീർഘമായ കൂടിയാലോചനകളിൽ അദ്ദേഹം നിർണ്ണായക പങ്കു വഹിച്ചു. പരസ്പര സ്വീകരണ കല്പനയിൽ 1934 ലെ ഭരണഘടനക്ക് വിധേയമായി എന്ന പദപ്രയോഗം ഒഴിവാക്കണമെന്ന് വിഘടിത വിഭാഗം ആവശ്യപ്പെട്ടതിനെ സ്വപക്ഷതുള്ള പലരും അനുകൂലിച്ചെങ്കിലും ബേബിച്ചായനും വട്ടക്കുന്നേൽ ചെറിയാൻ വക്കീലും ഉറച്ചു നിന്നതിനാലാണ് ആ പദപ്രയോഗം പ. കാതോലിക്ക ബാവയുടെ കൽപ്പനയിൽ ഇടംനേടിയത് എന്ന് പ്രസ്തുത ആലോചനകളിൽ പങ്കെടുത്ത പലരും സാക്ഷ്യം പറഞ്ഞിട്ടുണ്ട്.

1980 ലെ സമുദായ ട്രസ്റ്റി തിരഞ്ഞെടുപ്പിൽ ബേബിച്ചായനും പി.സി. ഏബ്രഹാമും സ്ഥാനാർത്ഥികളായിരുന്നു. ഒരു വോട്ടെടുപ്പ് ഒഴിവാക്കുവാൻ സഭാ നേതൃത്വത്തിലെ പലരും ഇടപെടുകയും 5 വർഷത്തിനുശേഷം പി.സി. എബ്രഹാം സ്ഥാനം ഒഴിയാമെന്നും അപ്പോൾ ബേബിച്ചായൻ ആ സ്ഥാനത്തേക്ക് വരണമെന്നും ഉള്ള ധാരണയിൽ ബേബിച്ചായൻ പിന്മാറി. ഒത്തുതീർപ്പിന് മുൻകയ്യെടുത്ത തിമോത്തിയോസ് തിരുമേനി (ദിദിമോസ് ബാവ) അത് പ്രസ്താവിക്കയും ബേബിച്ചാൻ പിന്മാറുകയും ചെയ്തു. എന്നാൽ നടപടിക്രമം അനുസരിച്ച് പിന്മാറുവാനുള്ള സമയം കഴിഞ്ഞിരുന്നതിനാൽ സാങ്കേതികമായി വോട്ടിംഗ് നടന്നു. ഗണ്യമായ സംഖ്യ വോട്ടുകൾ എന്നിട്ടും ബേബിച്ചായന് ലഭിച്ചു. പി.സി. എബ്രഹാം വാക്ക് പാലിച്ചില്ല എന്നതും സഭാ നേതൃത്വം അതിനോട് കണ്ണടച്ചു എന്നതും ചരിത്രത്തിലെ ഒരു കാണാപ്പുറം.

എങ്കിലും സഭ എൽപ്പിച്ചതും എൽപ്പിക്കാത്തതും ആയ പല ഉത്തരവാദിത്തങ്ങളും അദ്ദേഹം ഏറ്റെടുക്കുകയും വിജയകരമായി നടപ്പാക്കുകയും ചെയ്തിട്ടുണ്ട് 1980–85 കാലഘട്ടത്തിൽ പ. മാത്യൂസ് ബാവയുടെ നിർബന്ധത്തിനു വഴങ്ങി വീണ്ടും സമുദായ സെക്രട്ടറി സ്ഥാനം ഏറ്റു. കലുഷിതമായ ആ കാലഘട്ടത്തിൽ അദ്ദേഹം നല്കിയ ധീര നേതൃത്വം സഭക്ക് ഒരിക്കലും മറക്കാനാവില്ല.

സമുദായ സെക്രട്ടറി സ്ഥാനം ഒഴിഞ്ഞശേഷം മാനേജിംഗ് കമ്മറ്റിയംഗമല്ലാതായിത്തീർന്ന അദ്ദേഹത്തിന്റെ സേവനം സഭക്ക് ആവശ്യമാണന്നറിഞ്ഞ ഒരു നോമിനേറ്റഡ് അംഗം രാജിവച്ച് അദ്ദേഹത്തിനു വഴിയൊരുക്കി എന്നത് അദ്ദേഹത്തിന്റെ സേവനം എത്രവിലപ്പെട്ടതായിരുന്നു എന്നതിന്റെ ഒരു സാക്ഷി പത്രം കൂടിയാണ്. ഇന്ന് സഭയുടെ അഭിമാനമായ ദേവലോകം അരമന സ്ഥാപിതമായത് അന്നത്തെ സമുദായ സെക്രട്ടറിയുടെ ദീർഘവീക്ഷണത്തിന്റെ ഫലമായാണ് എന്ന് ഇന്ന് എത്ര പേർക്കറിയാം? മറ്റു പലരും അതിന്റെ പേരിൽ ഉള്ളതും ഇല്ലാത്തതുമായ അവകാശ വാദങ്ങൾ പുറപ്പെടുവിക്കുമ്പോൾ തന്റെ സേവനങ്ങൾ ദൈവ സന്നിധിയിൽ മാത്രം അറിഞ്ഞാൽ മതി എന്ന ചിന്തയിൽ ആരുമായും തർക്കത്തിന് പോകാതെ അദ്ദേഹം സഭ സേവനത്തിൽ വ്യാപൃതനായി. സ്വന്തം വീട് പണിത കാലത്ത് തന്നെ ജന്മനാട്ടിൽ (കോട്ടയത്ത് താഴത്തങ്ങാടിയിൽ) ഒരു ദേവാലയം പണി കഴിപ്പിച്ചു. അന്നത്തെ കാലത്ത് (1951) മൂന്നു ലക്ഷത്തിപതിനേഴായിരം രൂപ ചെലവ് വന്നതിൽ മൂന്ന് ലക്ഷവും അദ്ദേഹത്തിന്റെതായിരുന്നുയ ഒരു പവൻ സ്വർണ്ണത്തിന് അന്ന് 12 രൂപ ആയിരുന്നു വില എന്നതും കൂടി കൂട്ടി വായിച്ചാലേ ഈ 3 ലക്ഷത്തിന്റെ മൂല്യം എന്തെന്ന് മനസ്സിലാവുകയുള്ളൂ. സാമ്പത്തിക ബുദ്ധിമുട്ടനുഭവിച്ചിരുന്ന മലങ്കരയിലെ അനേകം ഇടവകകൾക്ക് അദ്ദേഹത്തിന്റെ കൈത്താങ്ങ് നിർലോപം ലഭിച്ചിട്ടുണ്ട് വലം കൈ നല്കുന്നത് ഇടംകൈ അറിയാതെ.

താഴത്തങ്ങാടി പള്ളി കൂദാശ ചെയ്ത ഗീവർഗീസ് II ബാവ, പള്ളിയുടെ താക്കൊലിനൊപ്പം ഒരു കല്പ്പന കൂടി ബേബിച്ചായനു നല്കി. കോട്ടയം ചെറിയപള്ളിയിൽ താഴത്തങ്ങാടി നിവാസികൾ കൊടുക്കുന്ന പസാരം ഇ.ജെ. ജോസഫ് എറികാട്ടിനു കൊടുക്കണം എന്നതായിരുന്നു കല്പനയുടെ ഉള്ളടക്കം. (അക്കാലത്തു താഴത്തങ്ങാടി നിവാസികളുടെ ഇടവക ചെറിയ പള്ളി ആയിരുന്നു) പള്ളിയുടെ താക്കോൽ അതതു കാലത്തെ കൈക്കരന്മാരുടെ കയ്യിലും കല്പന ബാബിച്ചായന്റെ സ്വകാര്യശേഖരത്തിലും ഇരിക്കുന്നു. ഒരു രൂപ പോലും അദ്ദേഹം ചെറിയ പള്ളിയിൽ നിന്നും കൈപ്പറ്റിയിട്ടില്ല. താഴത്തങ്ങാടി പള്ളിയുടെ നടത്തിപ്പിൽ ഒരു കാലത്തും യാതൊരു ഇടപെടലും അദ്ദേഹത്തിൽ നിന്നും ഉണ്ടായിട്ടില്ല.

പേരോ പ്രശസ്തിയോ ആഗ്രഹിച്ചല്ല, ഒരു ഭക്തന്റെ കാണിക്ക എന്ന നിലയിലാണ് അദ്ദേഹം സഭക്ക് സേവനം നല്കിയത്. സ്വന്തം കാർ സഭയുടെ സേവനത്തിനു ഉപയോഗിക്കുമ്പോൾ മക്കൾക്ക് ജന്മം നല്കേണ്ട വേളയിൽ പേലും അദ്ദേഹത്തിന്റെ പത്നിക്ക് ടാക്സി വിളിച്ചു പോകേണ്ടി വന്നത് ഒരു ഉദാഹരണം മാത്രം.

ഇങ്ങനെയുള്ള സഭാ സ്നേഹികളായ അത്മായ നേതാക്കളെ ഇന്ന് സഭക്ക് സ്വപ്നം കാണുവാനേ സാധിക്കയുള്ളൂ

നൂറ്റാണ്ടു പഴക്കമുള്ള സഭയിലെ കക്ഷിവഴക്ക് അവസാനിപ്പിച്ചത് കോടതിയുടെ നിരീക്ഷണത്തിലുള്ള ജനഹിത പരിശോധനയിലൂടെ

(ഫിലിപ്പോസ് പോട്ടക്കാവയലിൽ)

സഭാ സമാധാനസമതി, ഉപസമതി, വീതിച്ച് പിരിയാം, സ്ഥാപനോദ്ദേശം, രണ്ടുസഭഹിത പരിശോധന ഇവയെല്ലാം സുപ്രീം കോടതി ഉത്തരവിനെ ഉപരോധിക്കാനുള്ള ഉപായങ്ങൾ മാത്രം. ഈ വാദ ഗതികളെ തുണയ്ക്കുന്ന രാഷ്ട്രീയ പ്രമുഖരും മാദ്ധ്യമ പ്രമാണിമാരും, സംസ്കാരിക നായകന്മാരും, മറ്റു സഭാ സമുദായനേതാക്കളും കഥ അറിയാതെ ആട്ടം കാണുന്നവരാണ്. സഭാ പ്രശ്നം ബാവകക്ഷി – മെത്രാകക്ഷി വഴക്കായിരുന്നു. ബാവകക്ഷി വിദേശമേൽക്കോയിമ ഇഷ്ടപ്പെടുന്ന അടിമത്വസഭക്കാരും, മെത്രാകക്ഷി സ്വതന്ത്ര തല്പരരും, ദേശിയ താല്പര്യക്കാരും അധിനിവേശത്തേയും അടിമത്വത്തെയും എതിർക്കുന്നവർ ഇക്കൂട്ടർ കാതോലിക്കേറ്റും ഭരണഘടനയും സ്ഥാപിച്ച് സ്വതന്ത്രരായി. ബാവകക്ഷി ഇതിനെതിരെ കോടതിയിൽ കാതോലിക്കേറ്റും ഭരണഘടനയും ഞങ്ങൾക്ക് ബാധകമല്ലന്ന് വാദിച്ചു. വാദം സുപ്രീം കോടതി തള്ളി. ഭരണഘടനയും കാതോലിക്കേറ്റും അംഗീകരിക്കപ്പെട്ടു. സഭ യോജിച്ചു.

പക്ഷെ ഈ യോജിപ്പിനേയും 1958 ലെ സുപ്രീം കോടതി ഉത്തരവിനേയും അവഗണിച്ച് സ്ഥാനമോഹികളായ ചിലർ അനധികൃതമായി മെത്രാന്മാരായി സഭയിൽ വീണ്ടും പ്രശ്നങ്ങൾ സൃഷ്ടിച്ചു. ഈ വഴക്ക് കാതോലിക്കാപക്ഷവും പാത്രീക്കീസ് പക്ഷവും എന്ന പേരിലായി. ഇതും കേസ്സായി 1995 – ൽ സുപ്രീം കോടതിയുടെ നിരീക്ഷക സാന്നിദ്ധ്യത്തിൽ പള്ളികളിൽ ഹിതപരിശോധന നടത്തി പ്രതിനിധികളെ തെരഞ്ഞെടുത്ത് സുപ്രീം കോടതി നിരീക്ഷക സാന്നിദ്ധ്യത്തിൽ ഭൂരിപക്ഷ അഭിപ്രായ പ്രകാരം സുപ്രീം കോടതി നിരീക്ഷക സാന്നിദ്ധ്യത്തിൽ ഭൂരിപക്ഷ അഭിപ്രായ പ്രകാരം സുപ്രീം കോടതി സഭായോജിപ്പുണ്ടാക്കി ഉത്തരവിറക്കി. എന്നാൽ സ്ഥാനമോഹികളായ അനധീകൃത മെത്രാന്മാർ സിറിയൻ അധിനിവേശം നിലനിർത്താൻ ഈ രാജ്യത്തെ നിയമവ്യവസ്ഥിതിയെ വെല്ലുവിളിച്ച് പുതിയ ഒരു സംഘടന രജിസ്റ്റർ ചെയ്ത് സഭാ വക പള്ളികൾ കൈയ്യേറി. നിർഭാഗ്യവശാൽ എറണാകുളം ജില്ലയിലെ രാഷ്ട്രീയ നേതാക്കൾ സുപ്രീം കോടതി ഉത്തരവിനെ ലംഘിച്ച് അധിനിവേശക്കാർക്ക് ഔദാര്യങ്ങൾ നല്കി സഹായിച്ചു. ഇതാണ് നൂറ്റാണ്ടു പഴക്കമുള്ള സഭാപ്രശ്നം, ഉപസമതി മീഡിയേഷൻ സെല്ല് എന്നൊക്കെ പറഞ്ഞ് രാഷ്ട്രീയം കളിച്ച് കലാപം നിലനിർത്തി അധിനിവേശക്കാരെ പരിരക്ഷിച്ച് രാഷ്ട്രീയ മാദ്ധ്യമങ്ങൾ നേട്ടം കൊയ്യുന്നത് സുപ്രീം കോടതി ഉത്തരവ് ഉത്തരത്തിൽ ഇരുപ്പുമുണ്ട്.

എന്നാൽ 1995 ലെ ഉത്തരവോടെ പാത്രീക്കീസ്സ് പക്ഷത്തെ വിദ്യാഭ്യാസവും വിവരവും ഉള്ള മെത്രാന്മാരും അനുയായികളും കോടതി ഉത്തരവ് മാനിച്ച് സഭായോജിപ്പായി. പാത്രീക്കീസു പക്ഷത്തിന്റെ ശ്രേഷ്ടകാതോലിയ്ക്കായിരുന്ന മൂവാറ്റുപുഴയിലെ പൗലോസ് കാതോലിക്കാബാവയുടെ സന്തതസഹചാരിയും സെക്രട്ടറിയും, മനസാക്ഷി സൂക്ഷിപ്പുകാരനുമായ ഡോ. തോമസ്സ് മാർ അത്താനാസ്സിയോസ്സ്, പാത്രീക്കീസ് പക്ഷം കേസ്സ് നടത്തിപ്പുകാരനായ ഡോ. മിലിത്തിയോസ്സ് ഡോ. നിക്കോളാവസ്സ് മാർസേവേറിയോസ്സ് എന്നിവർ യോജിച്ച സഭയിലെത്തി. സേവേറിയോസ്സിനെ ഇടുക്കി ക്ലീമിസ്സിന്റെ മേൽ ആരോപിച്ച ആരോപണം ഉന്നയിച്ച് തിരിച്ചു പിടിക്കാൻ തോമസ്സ് പ്രഥമനായി ജോസഫ് ഗ്രീഗോറിയോസ്സിനേ ഇതേ ചൂണ്ടയിൽ നേരത്തെ കോർത്തുനിർത്തി എന്നു കേട്ടിരുന്നു.

എന്തായാലും തന്ത്രശാലിയായ തോമസ്സ് ദിവന്നാഡിയോസ്സ് കാതോലിക്കേറ്റും ഭരണഘടനയും വേണ്ടന്നു വാദിച്ചിരുന്നു എങ്കിലും കാതോലിക്കായി പുതിയ സഭ സ്ഥാപിച്ചു. 1934 ലെ സഭാ ഭരണഘടന അംഗീകരിക്കുന്നു എന്ന് കോടതിയിൽ സത്യവാങ്മൂലം നല്കി എങ്കിലും 2002 ലെ ഭരണഘടനയും സൃഷ്ടിച്ചു ഈ പുതിയ സഭയിലെ ഏറ്റവും പ്രമുഖനായ ഡോ. ബാബുപോൾ വിശേഷിപ്പിച്ചത് ശ്രേഷ്ഠ തോമസ്സ് പ്രഥമൻ കാതോലിയ്ക്കാ സഭയുടെ കാതോലിയ്ക്കായല്ല സൊസൈറ്റി കാതോലിയ്ക്കായാണെന്ന് ഏതായാലും ടി കാതോലിയ്ക്കാ 40 തും 50 ലക്ഷം രൂപ വാങ്ങി പത്തു മുപ്പത് തന്റെടികളായ ചെറുപ്പക്കാരെ മെത്രാന്മാരാക്കി ചുറ്റും നിർത്തി. പി.പി. തങ്കച്ചൻ, ടി.യു കുരുവിള തുടങ്ങിയ പല്ലുകൊഴിഞ്ഞ സിംഹങ്ങൾക്കും ഇപ്പോഴത്തെ ബാബുവിനും, ബന്നിയ്ക്കും, പൗലോസ്സിനും എല്ലാം സിറിയായിലെ കമാണ്ടർ സ്ഥാനം നല്കി സന്തോഷിപ്പിച്ചു. മല്ലന്മാരായ യുവ വൈദികത്തോഴിലാളികൾക്ക് അരപ്പട്ടയും മാലയും നല്കി കൂടെ നിർത്തി. ഈ സ്ഥാനം മലങ്കര ഓർത്തഡോക്സ് സഭയുടെ പള്ളികളിൽ അതിക്രമിച്ചു കടന്ന് പള്ളിപൂട്ടിച്ച ശേഷം വീതം കുടികിടപ്പവകാശം വേണമെന്ന് ശഠിക്കുന്നതാണ് ഇപ്പോഴത്തെ സഭാപ്രശ്നം മുൻപ് സൂചിപ്പിച്ച കമാണ്ടറന്മാർ പിൻന്തുണയുള്ളതുമൂലം ഈ അനധീകൃത അധിനിവേശ സംഘടന എറണാകുളത്തെ പള്ളികളിൽ മാന്യമായ ശവസംസ്ക്കാരത്തിനുപോലും പ്രശ്നം സൃഷ്ടിക്കുന്നു. പൊതുജനത്തെ തെറ്റിദ്ധരിപ്പിക്കാൻ ഈ സംഘടന അറിയപ്പെടുന്നത് യാക്കോബായസഭ എന്നാണ്. 1995 -ൽ സുപ്രീം കോടതി അംഗീകരിച്ച് ഭേദഗതി വരുത്തിയ 1934 സഭാ ഭരണഘടന പറയുന്നു. മലങ്കര ഓർത്തഡോക്സ് സഭയെ പിശാകായി യാക്കോബായസഭ എന്നു അറിയപ്പെടുന്നു എന്നു പറഞ്ഞാൽ ഇഡ്യയെ ഹിന്ദുരാജ്യം എന്ന് അറിയപ്പെടും പോലെ.

കെ.പി. യോഹന്നാൻ തിരുമേനിയുടെ കോടികണക്കിന് ഉള്ള ആസ്തി കൈയ്യടക്കാൻ തോമസ്സ് പ്രഥമൻ നടത്തിയ

പേജ് 4ൽ തുടർച്ച

AKHILA MALANKARA ORTHODOX ALMAYAVEDHI

(Reg. No. K - 713/2005) Psot Box No. 652, Kottayam PIN 686 001)

അൽമായവേദിസംബന്ധമായ കാര്യങ്ങൾക്ക് താഴെപ്പറയുന്നവരുമായി മാത്രം ബന്ധപ്പെടുക. പൊതുവായ കാര്യങ്ങൾ: കെ.വി. ഏബ്രഹാം കൊടുവത്ത് (പ്രസിഡന്റ്) ഫോൺ : 9895561426 **നയപരമായ കാര്യങ്ങൾ:** തോമസ് ചാണ്ടി (ജനറൽ സെക്രട്ടറി) ഫോൺ : 9745607714 **പ്രസിദ്ധീകരണം സംബന്ധിച്ച കാര്യങ്ങൾ :** ഫീലിപ്പോസ് പൊട്ടക്കാവയലിൽ (എഡിറ്റർ) ഫോൺ : 9388591988 **സാമ്പത്തിക കാര്യങ്ങൾ, വരിസംഖ്യ സംഭാവന മുതലായവ:** ജോർജ്ജ് മാത്യു ചക്കാലപ്പറമ്പിൽ (ട്രഷറർ) ഫോൺ: 9526823343 WEBSITE : www.malankaraorthodoxalmayavedhi.com, Email : almayavedhi@yahoo.com

അച്ചനും കൊച്ചനും

മാത്തുക്കുട്ടിച്ചായൻ

കൊച്ചൻ: പാത്രിക്കീസു ബാവ ലബനാനിൽ നിന്ന് ഡോ. മൂലയിൽകുറിയാക്കോസച്ചന് മർഫോനോറ് മർദൂത്തോ നല്കി.

അച്ചൻ : സിറിയായിലെ നമ്മുടെ സഭ നശിച്ചു. ഇനി ഇവിടെ മൂക്കിലും മൂലയിലും ഇരുന്ന് പുതിയ സഭ രജിസ്റ്റർ ചെയ്തവർ പാത്രീക്കീസു ബാവയ്ക്ക് വല്ല മുന്തിരിയും ആപ്പിളും ഒക്കെ കൊണ്ട കൊടുക്കുമ്പോൾ മക്കൾക്ക് എന്തെങ്കിലും കൊടുക്കേണ്ടേ എന്നു കരുതി കുശിനിക്കാരെ അറബിയിലോ - സുറിയാനിയിലോ വിളിച്ചപ്പോൾ മൂലേലച്ചൻ വിചാരിച്ചു അദ്ദേഹത്തിനു പുതിയ സ്ഥാനം നല്കിയതാണെന്ന്

കൊച്ചൻ : ശരിയായിരിക്കാം ബാവയ്ക്ക് ഓർമ്മകുറവും സിറിയൻ സഭയുടെ പതനവും മൂലം നിരാശയിൽ പ്രാർത്ഥനയിലിരിക്കുമ്പോൾ സ്ഥാനമാനങ്ങൾ വില്ക്കുകില്ല.

അച്ചൻ : ഈയിടയിൽ മനോരമയിൽ രണ്ടുപേർക്ക് ഷവലിയാർ കമാണ്ടർ നല്കുന്നത് പടമുണ്ടല്ലോ?

കൊച്ചൻ : ഞാൻ കഴിഞ്ഞയാഴ്ച എന്റെ അങ്കിളിന്റെ കൂടെ ദേവലോകത്തുപോയി ഞാൻ പുറത്തു നിന്നു അങ്കിൾ പൗലോസ് ബാവയെ കണ്ടു. ബാവ പുറത്തു നില്ക്കുന്ന കൊച്ചൻ ആരാ എന്ന് ആരാഞ്ഞു എന്റെ മരുമകനാ എന്ന് അങ്കിൾ പറഞ്ഞു ബാവ എന്നെ വിളിച്ച് തലയിൽ കൈവച്ച് പ്രാർത്ഥിക്കാൻ തുടങ്ങിയപ്പോൾ ബാവയുടെ കൈ ഞാൻ തട്ടി മാറ്റി എന്നിട്ടും ബാവ എനിക്ക് ചോക്ലയിറ്റ് തന്നിട്ടു പറഞ്ഞു മിടുക്കനായി വരണം എന്ന്

അച്ചൻ : ഇതുപോലെ പാത്രീക്കീസുബാവയെ കാണുന്നവർക്ക് ബാവ ചോക്ലയിറ്റിനുപകരം നല്കുന്നതാ ഷവലിയാറും, കമാണ്ടറും ഒക്കെ അച്ചന്മാരാണെങ്കിൽ മർഫനോ മർദിനോ, ബാറിപോണോ ഒക്കെ നല്കും അതിവിടെ മനോരമയിൽ പെയ്ഡ് ന്യൂസാകുമ്പോൾ ഒരു വലിയ സംഭവമാകും സിറിയിലിതിന് ചുക്കിന്റെയും ചുണ്ണാമ്പിന്റെയും വിലയില്ല.

കൊച്ചൻ : ഈ സ്ഥാനങ്ങളുടെ അർത്ഥം എനിക്കറിയില്ല. അച്ചന് ഡോക്ടറേറ്റില്ലേ?

അച്ചൻ : ഞാനും മുലേലച്ചനും, പെരുമ്പള്ളി തിരുമേനിയും ശ്രേഷ്ടബാവയും ഒന്നിച്ച് ഡോക്ടറേറ്റ് വാങ്ങിയത്. അതിൽ ഡിഗ്രി വിദ്യാഭ്യാസം എനിക്കേയുള്ളൂ.

കൊച്ചൻ : മൂലേ കോറിയച്ചൻ ഹോമിയോയ്ക്കു പഠിച്ചിട്ടുള്ളതുകൊണ്ടാ ഡോക്ടർ അച്ചനായതെന്നും കേൾക്കുന്നുണ്ടല്ലോ.

അച്ചൻ : മൂലേലച്ചൻ പോസ്റ്റൽ കോഴ്സിലൂടെ എം.എ. എടുത്തയാളാ വലിയ ചരിത്രകാരനുമാണ് എന്നാ ഡോ. ശ്രേഷ്ഠബാവ കല്പിച്ചത്.

കൊച്ചൻ: നമ്മുടെ സഭ വിട്ട ഡോക്ടർ മിലിത്തിയോസ്സിന്റെയും ഡോ. അത്താനസ്സിയോസിന്റെയും ഡോക്ടറേറ്റ്, തോമസ് പ്രഥമന്റെയും മൂലേലച്ചന്റെയും പോലുള്ളതാണോ?

അച്ചൻ : എടാ മണ്ടാ എനിക്കും, മൂലയ്ക്കും നമ്മുടെ ശ്രേഷ്ട ബാവയുടേതും ആർക്കും കിട്ടുന്നതാ. പക്ഷെ അത്താനാസ്സിയോസ്സും, മിലിത്തിയോസ്സും ഇവിടുത്തെ യൂണിവേഴ്സിറ്റികളിൽ പഠിച്ചും, പ്രബന്ധം അവതരിപ്പിച്ചും കഷ്ടപ്പെട്ടു നേടിയതാ അതുകൊണ്ടാണവർ വിവരമുള്ളവരായതും സുപ്രീം കോടതി വിധിയേ മാനിച്ച് സഭാ യോജിപ്പിലൂടെ നമ്മുടെ ബാവകക്ഷിയേ മലങ്കര ഓർത്തഡോക്സ് സഭയുടെ ഭാഗമാക്കിയതും.

കൊച്ചൻ : ശരിയാ - ബാവകക്ഷിയുടെ കേസ്സ് നടത്തിയ തിരുമേനിമാരാ അവർ. സഭാ യോജിപ്പിന് തയ്യാറായി. ശ്രേഷ്ഠ തോമസ്സ് ബാവയെയും മൽഫോനോ അച്ചനെയും വിട്ട് പോയത് കഷ്ടം. ചുരുക്കി പറഞ്ഞാൽ പൗലോസ്സ് ബാവ പറഞ്ഞപോലെ സഭവിട്ടു പോന്നവരാ നമ്മൾ

അച്ചൻ : ഏതായാലും യാക്കോബായ (പുത്തൻ) സഭ രജിസ്ട്രേഷൻ നടത്തിയതു നന്നായി. മൽഫോനോ മർദൂത്തോ അച്ചൻ എഴുതി എഴുതി നമ്മൾ യാക്കോബായ സഭയും പൗലോസുബാവയെ ദേവലോകം ബാവയുമാക്കി നമ്മുടെ ഇടയിലോതുക്കി.

കൊച്ചൻ : ശരിക്കും എന്തിനാ വിദ്യാഭ്യാസവും വിവരവും നമ്മുടെ ശ്രേഷ്ടബാവ 10 കൊല്ലം കൊണ്ട് സഭയെ സഭയാക്കി. എ.ഡി. 52 ൽ തോമാശ്ലീഹാതൊട്ട് പൗലോസ്സ് ബാവവരെ ശ്രമിച്ചിട്ട് ശ്രേഷ്ഠബാവയുടെയും ഡോ. മർദൂത്തോ യുടെയും സഭയെ വെല്ലാനായോ? രാഷ്ട്രീയ സ്വാധീനം, പണം, സ്ഥാനമാനങ്ങൾ എല്ലാം നമ്മുക്കുണ്ട്.

അച്ചൻ : 1964 ൽ നടന്ന കാതോലിയ്ക്കാ വാഴ്ചയുടെ സുവർണ്ണ ജൂബിലി ആഘോഷിക്കാൻ സഭ തയ്യാറാവുകയാണല്ലോ?

കൊച്ചൻ : 2002 ലല്ലേ യാക്കോബായ സഭയായി നാം ഭരണഘടനയും കാതോലിക്കേറ്റും സ്ഥാപിച്ചത് അതിപ്പോൾ എങ്ങനെ സുവർണ്ണ ജൂബലിയാകും.

അച്ചൻ : 1958 ൽ യാക്കോബ് ബാവ വൃദ്ധൻ പുന്നൂസ്സിനെ കല്പനയിലൂടെ പ: കാതോലിയ്ക്കാ ബാവായി വാഴിച്ചെന്നാ മൂലേലച്ചന്റെ രചന 1964 ൽ ദേവലോകം സഭയുടെ ക്ഷണപ്രകാരം ഔഗേൻ ബാവയെ മാർത്തോമ്മായുടെ പൗരസത്യസിംഹാസനത്തിലേയ്ക്കാണ് ഉയർത്തിയത് എന്ന ഓർത്തഡോക്സ് സഭാ വാദം ശരിയാകുന്നില്ല. കീഴ്സ്ഥാനി 2002 ലുണ്ടായി.

കൊച്ചൻ : ന്യായമായി അതു സത്യമാ കാരണം ഗീവർഗ്ഗീസ്സ് II ബാവയെ പാത്രീക്കീസു ബാവ കത്തിലൂടെ സ്വീകരിച്ചു. പാത്രീക്കീസു പക്ഷം മെത്രാന്മാരും കാതോലിയ്ക്കാ ബാവയുടെ കല്പനയും 1934 സഭാ ഭരണഘടനയും അംഗീകരിച്ചു. ഗീവർഗ്ഗീസ് ദ്വിതിയൻ ബാവയെ കബറടക്കിയതും നമ്മുടെ മെത്രാന്മാർ കൂടിയാ.

അച്ചൻ : അങ്കമാലിയിലെ ഗ്രീഗോറിയോസ്സിന്റെയും കൊച്ചിയുടെ സേവേറിയോസ്സിന്റെയും കബറടക്കം നടത്തിയതും ദേവലോകം ബാവമാരാ, അപ്പോൾ 1964 ൽ കാതോലിയ്ക്കാ ഉണ്ടായത് എന്ന വാദം ശരിയാകുന്നില്ല. കീഴ്സ്ഥാനി 2002 ലുണ്ടായി.

കൊച്ചൻ : നമ്മൾ 2002 ലെ നമ്മുടെ സഭയുടെ നിലനില്പിനായി ഡോ മൽഫോനോ അച്ചന്റെ ചരിത്രവും ലേഖനവും പഠിച്ചാൽ മതി - കണിയാംപറമ്പിലച്ചന്റെ ആദ്യത്തെ സഭാചരിത്രം പോലും ഇന്ന് സഭയിൽ വിലയില്ല അച്ചന്റെ പുതിയ സുറിയാനി സഭാ ചരിത്രമാ 2002 ലെ നമ്മുടെ സഭാപിതാവ് ഡോ. തോമസ്സ് പ്രഥമൻ ബാവ അംഗീകരിക്കുന്നത്.

കൊച്ചൻ : കഴിഞ്ഞ ലക്കം വിശ്വാസ സംരക്ഷകനിൽ ഔഗേൻ കാതോലിക്കായെ വാഴിച്ചശേഷം ഉള്ള പ്രസംഗങ്ങൾ വിസ്മരിക്കാനാവാത്ത യാഥാർത്ഥ്യം എന്ന ഹെഡ്ങ്ങിലുണ്ട്.

അച്ചൻ : പാത്രീക്കീസുബാവ കല്പിച്ചത് നിങ്ങൾക്കറിവുള്ളതുപോലെ സമാധാന കല്പന അയയ്ക്കുകയും കാലം ചെയ്ത പരിശുദ്ധ ഗീവർഗ്ഗീസ് ദ്വിതിയൻ ബാവയെ ഞാൻ സ്വീകരിക്കുകയും ചെയ്തു. പിന്നീട് പ: പാത്രീക്കീസ്സ് ബാവ നമ്മുടെ സഹോദരന്മാരായ കാതോലിയ്ക്കാബാവയെയും മെത്രാന്മാരെയും സിറിയായിലേയ്ക്ക് ക്ഷണിച്ചു.

കൊച്ചൻ : പാത്രീക്കീസുബാവ വൃദ്ധൻ പുന്നൂസ് എന്നാക്ഷേപിച്ചയാളിനെ പ: കാതോലിക്കാബാവ ആയി അംഗീകരിച്ചു എന്ന ഓർത്തഡോക്സ് വദം ശരിയല്ലേ? പിന്നീട് പ: കാതോലിക്കാബാവയേയും മെത്രാന്മാരേയും സഹോദരന്മാരായി ബാവ സിറിയായിലേയ്ക്ക് ക്ഷണിച്ചു. അപ്പോൾ കാതോലിക്കായും പാത്രീക്കീസ്സും തുല്യാധികാരമുള്ള സഹോദരങ്ങൾ എന്ന ഓർത്തഡോക്സ് വാദവും ശരിയല്ലേ അച്ചാ ?

അച്ചൻ : തുടർന്ന് നീവായിച്ചില്ലേ ഔഗേൻ കാതോലിയ്ക്കാ ബാവ പറഞ്ഞത് പത്രോസിന്റെ അന്ത്യോഖ്യാസിംഹാസനം മാർത്തോമ്മായുടെ സിംഹാസനത്തെക്കാൾ മെച്ചം അന്ത്യോഖ്യ സിംഹാസനത്തെ സ്നേഹിക്കുന്നവർക്ക് മാർത്തോമ്മായുടെ സിംഹാസനത്തെ സ്നേഹിക്കാതിരിക്കാനാവില്ല.

കൊച്ചൻ : പാത്രീക്കീസുബാവയെ ഇരുത്തികൊണ്ട് കാതോലിയ്ക്കാബാവ തോമ്മാശ്ലീഹായ്ക്ക് സിംഹാസനം ഉണ്ടെന്ന് പറഞ്ഞതു വിശ്വാസ സംരക്ഷകൻ വരെ എഴുതി അപ്പോൾ മാർത്തോമ്മാ സിംഹാസന വദവും ശരിയല്ലേ അച്ചാ.

അച്ചൻ : പാത്രീക്കീസുബാവ കാതോലിയ്ക്കാബാവയെയും മെത്രാന്മാരെയും ക്ഷണിച്ചത് സിറിയിലേയ്ക്കാ - അന്ത്യോഖ്യയിലേയ്ക്കല്ല.

കൊച്ചൻ : അപ്പോൾ അമ്മേ മറന്നാലും അന്ത്യോഖ്യയെ മറക്കില്ലന്ന നമ്മുടെ മുദ്രാവാക്യം, സിറിയായെ മറക്കില്ലന്നാക്കണം. അന്ത്യോഖ്യ പറഞ്ഞ് നമ്മളെ അന്ധമാരാക്കി.

അച്ചൻ : അതുപോലെ ഔഗേൻ കാതോലിയ്ക്കാബാവ കല്പിക്കുന്നു. പ: പാത്രീക്കീസുബാവയെ മലങ്കരസഭ എക്കാലവും സ്മരിക്കും എന്ന് ഉറപ്പുനല്കുന്നു.

കൊച്ചൻ : നമ്മുടെ മൂലേലച്ചൻ എപ്പോഴും പറയും പാത്രീക്കീസിനെ ഓർത്തഡോക്സുകാർ പ്രാർത്ഥനയിൽ ഓർക്കുന്നത് കാപട്യമാണ് എന്ന്. പക്ഷേ അതല്ല ഔഗേൻ ബാവയുടെ ഉറപ്പ് ഇന്നും ഓർത്തഡോക്സ് സഭ തുടരുന്നു.

അച്ചൻ : തീർന്നില്ല പാത്രീക്കീസുബാവയുടെയും മറ്റു മെത്രാന്മാരുടെ മുന്നിലും പ: കാതോലിയ്ക്കാ ബാവ തന്റെ പ്രസംഗം ചുരുക്കിയത് ഇങ്ങനെ. മാർതോമ്മാ ശ്ലീഹായുടെയും കഴിഞ്ഞുപോയ പ: പിതാക്കന്മാരുടെയും മദ്ധ്യസ്ഥതയും സഹായവും നിങ്ങളൂടെ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും ലഭിക്കുമെന്നും വിശ്വസിക്കുന്നു.

കൊച്ചൻ : എന്റെ അച്ചാ കാതോലിക്കാ ബാവയും പാത്രീക്കീസു ബാവയും സഹോദര തുല്യവും പത്രോസിന്റെയും തോമ്മയുടെയും സിംഹാസന ചരിത്രവും സഭയെ നിയമാനുസരണം ഭരിക്കും എന്നും പാത്രീക്കീസു ബാവയേയും ജനസമൂഹത്തെയും സാക്ഷിയായി പ: കാതോലിക്കാബാവ കല്പിച്ച സത്യം മൂലേലച്ചൻ പെരുമ്പള്ളിതിരുമേനിയുടെ ചരിത്രത്തിലും എഴുതിയിട്ടുണ്ട്.

അച്ചൻ : പ: ഔഗേൻ ബാവ മാർത്തോശ്ലീഹാ തൊട്ടുള്ള അദ്ദേഹത്തിന്റെ മുൻഗാമികളുടെ പ്രാർത്ഥനയും മദ്ധ്യസ്ഥതയുമാണ് പറഞ്ഞത്.

കൊച്ചൻ : നമ്മുടെ പത്രത്തിൽ തന്നെ വന്ന സത്യം തന്നെയല്ലേ മലങ്കരസഭാ മാസികയിൽ ദേവലോകം ബാവ എഴുതിയത്. ബാവകഷിയുടെ കേസ്സു നടത്തിപ്പുകാരനായ മാലിത്തിയോസ്സ് തരുമേനിയും ശ്രേഷ്ഠ പൗലൂസ്സ് ദ്വിതിയൻ മൂവാറ്റുപുഴ ബാവയുടെ സെക്രട്ടറിയും സന്തത സഹചാരിയും മനസാക്ഷി സൂക്ഷിപ്പുകാരനായ ഡോ. അത്താനസ്സിയോസുമല്ലേ യഥാർത്ഥ പാത്രീക്കീസ് പക്ഷം അവർ ഓർത്തഡോക്സ് സഭയിലെ കാതോലിയ്ക്കാബാവയോടൊപ്പം ചേർന്നതോടെ സഭയിലെ കക്ഷിവഴക്ക് അവസാനിച്ചു.

അച്ചൻ : മൂവാറ്റുപുഴയിലെ ശ്രേഷ്ഠബാവയുടെ പിൻഗാമിയായി പെരുമ്പള്ളിതിരുമേനി സ്ഥാനമേൽക്കാഞ്ഞത് എന്തുകൊണ്ടാ സഭ യോജിക്കണം. സഭാ പ്രശ്നം അവസാനിപ്പിക്കണം. പക്ഷെ പെരുമ്പള്ളി തിരുമേനികാലം ചെയ്തതോടെ ദിവന്നാസിയോസ്സ് തിരുമേനിക്ക് അവസരം കിട്ടി. മലങ്കരസഭ വിട്ട് പുത്തൻകുരിശിൽ പുത്തൻ സഭ സ്ഥാപിച്ച ആധുനിക ബുർദാന ആയി.

കൊച്ചൻ : 2002ൽ പരുമല അസ്സോസേഷനിൽ 1970 തുവരെ വാഴിച്ച മെത്രാന്മാർക്കും വൈദികർക്കും പുരാതന സഭയുടെ ഭാഗമാകാൻ അവസരമുണ്ടായിരുന്നു.

അച്ചൻ : ഇനി അതിനു ദേവലോകത്തെ ബാവ കനിയണം അല്ലാത്തപക്ഷം നമ്മുടെ ആധുനിക യാക്കോബ് ബുർദാനയും പുതിയ ചരിത്രകാരനായ മർദൂത്തേ കത്തനാർക്കും ലക്ഷം മുടക്കി രക്താബരം ധരിച്ചവർക്കും 2002 ലെ പുത്തകുരിശ് സഭ തന്നെ ശരണം കെ.പി. യോഹന്നാന്റെ ചെറുവള്ളി എസ്റ്റേയിറ്റ് പണ്ട് ചെറുവള്ളി കുടുംബക്കാരുടെതാണെന്നും പറയുന്നു അതു കിട്ടിയാൽ പത്തനംതിട്ടയിലും സഭ വളരും.

കൊച്ചൻ : കെ.പി. യോഹന്നാന്റെ എസ്റ്റയിറ്റിലെ വെട്ടുകാർക്കും പണിക്കാർക്കും ഷവലിയാർ സ്ഥാനമോ, കമാണ്ടർ സ്ഥാനമോ നല്കി സഭയിൽ ചേർക്കണം.

അച്ചൻ : അഞ്ചുരൂപ എങ്കിലും കിട്ടാതെ ബാവ സ്ഥാനം നല്കില്ല നിശ്ചയം.

കൊച്ചൻ : അവർക്ക് 2 മാസത്തെ റേഷൻ വാങ്ങാൻ പണം നല്കിയാൽ പത്തനംതിട്ടയിൽ ഒരു സഭായോഗം വച്ച് വാർത്തയാക്കാം മനോരമ സഹകരിക്കുകയും ചെയ്യും.

അച്ചൻ : നീ പത്രം വായിച്ചില്ലേ - കന്യാട്ടുനിരപ്പുപള്ളിയിൽ പോലീസിനെ തല്ലി ജീപ്പു തകർത്ത നമ്മുടെ അച്ചന്മാരെയും വിശ്വാസികളെയും കോലഞ്ചേരി കോടതിശിക്ഷിച്ചു.

കൊച്ചൻ : കഴിഞ്ഞയാഴ്ച മാവിലശ്ശേരിൽ മത്തായികുട്ടിയെ മർദ്ദിച്ചവരെ ശിക്ഷിച്ചു. ഈകളിക്ക് മലങ്കരവർഗ്ഗീസ് കേസ്സിൽ നമ്മുടെ മുതിർന്ന വൈദിക ശ്രേഷ്ഠരെ സി.ബി.ഐ. പിടിച്ചാൽ ശിക്ഷ ഉറപ്പാകുമോ - കഷ്ടം.

അച്ചൻ : യു.ഡി.എഫ്. പറയുമ്പോലെ നിയമം നിയമത്തിന്റെ വഴിക്ക് പോയാൽ സുപ്രീം കോടതി ഉത്തരവ് നടപ്പാകും. കാതോലിക്കാപക്ഷവും - പാത്രീക്കീസ് പക്ഷവും ചേർന്ന് 2002 ൽ മളിമഠ് ജഡ്ജിയുടെ സാന്നിദ്ധ്യത്തിൽ സഭ ഒന്നായി എന്ന സത്യം ഉറപ്പാകും. നമ്മുടെ സഭ 2002 ലെ പുതുസഭയാണെന്ന സത്യം ലോകവും അറിയും.

കൊച്ചൻ : അപ്പോൾ മാർത്തോമ്മാ മെത്രാൻ പറഞ്ഞത് വീതിച്ചു പിരിയണം എന്നല്ലേ അച്ചാ.

അച്ചൻ : ആരാന്റെ പന്തലിൽ വല്ലവരും വിളമ്പുന്നതിനു തുല്യമാണ്. ആർക്കാണ് ഇവിടെ അഭിപ്രായ സ്വാതന്ത്ര്യം ഇല്ലാത്തത്.

കൊച്ചൻ : ടി.പി. ചന്ദ്രശേഖരൻ വധക്കേസ്സിൽ മജിസ്ട്രേറ്റിന് നല്കിയ മൊഴി കോടതിയിൽ തിരുത്തി പിന്നയാ അഭിപ്രായം ഇരുമ്പുലക്കയല്ല

സഭാ സ്വത്തുക്കൾ അന്യാധീനപ്പെടുമ്പോൾ

മലങ്കര സഭക്ക് പൂർവ്വാജിതമായ ധാരാളം ഭൂത്തുക്കൾ ഉണ്ട്. കാര്യക്ഷമത കുറവുകൊണ്ട് അവയിൽ പലതും ഇന്ന് അന്യാധീനപ്പെട്ടു കൊണ്ടിരിക്കുന്നു. കഴിഞ്ഞ മാനേജിംഗ് കമ്മറ്റിയും മംഗലാപുരത്തുള്ള ഒരു വസ്തു വിൽക്കുവാൻ തീരുമാനിച്ചു. പരുമലയിൽ ഒരു ക്യാൻസർ സെന്റർ സ്ഥാപിക്കുക എന്ന സദുദ്ദേശം എന്ന പേരിലാണ് അത് അവതരിപ്പിക്കപ്പെട്ടതും അംഗീകരിക്കപ്പെട്ടതും മാനേജിംഗ് കമ്മറ്റിയിലെ ബഹുഭൂരിപക്ഷത്തിനും ആഴത്തിൽ കാര്യങ്ങൾ പഠിക്കുക എന്ന ദുശീലം ഇല്ലാത്തതിനാൽ ഈവക തീരുമാനങ്ങൾ നിമിഷ നേരത്തിനുള്ളിൽ പാസ്സാകും.

ഭൂമിയുടെ ക്രയ വിക്രയങ്ങൾ കേരളത്തിൽ ഒരു ചൂട് വിഷയമാണ്. ഭൂമിക്കു വില ദിവസേന കയറുന്ന നിലയിൽ വില ഒരു വിവാദ വിഷയം തന്നെയാണ്. ഗണ്യമായ ഭാഗം പ്രമാണത്തിൽ ഉൾപ്പെടാത്ത കച്ചവടങ്ങളിൽ പ്രത്യേകിച്ചും അപ്രകാരമുള്ള കാര്യങ്ങളല്ല ഈ ലേഖനത്തിന്റെ വിഷയം.

സഭയുടെ സ്വത്തുക്കൾ പ്രധാനമായും മലങ്കര അസോസിയേഷന് പൂർണ നിയന്ത്രണമുള്ളവ, എപ്പിസ്കോപ്പാൽ സുന്നഹദോസിന്റെ നിയന്ത്രണത്തിലുള്ളവ എന്നിങ്ങനെ തരം തിരിക്കാം. പ്രാദേശികമായി സ്വയംഭരണമുള്ള ചില ട്രസ്റ്റുകളും, മെത്രാസനങ്ങളുടെ വകയുള്ളതും മെത്രാസനങ്ങൾക്ക് നിയന്ത്രണമുള്ളതും ആയ പല സ്ഥാപനങ്ങളും ഉണ്ട്.

ഈ ലേഖനത്തിൽ പരാമർശിക്കുന്ന മംഗലാപുരത്തെ വസ്തു മലങ്കര അസോസിയേഷന്റെ നിയന്ത്രണത്തിലും പരുമല ക്യാൻസർ സെന്റർ എപ്പിസ്കോപ്പാൽ സുന്നഹദോസിന്റെ സെന്റർ നിയന്ത്രണത്തിലും ഉള്ളവയാണ്. രണ്ടും സഭയുടേതല്ലേ, ഒന്നിൽ നിന്നും സമ്പത്ത് കൂടുതൽ ആവശ്യമായ മറ്റൊന്നിലേക്ക് മാറ്റുന്നതിൽ എന്താണ് തെറ്റ് എന്ന ലളിതമായ ചോദ്യം സ്വാഭാവികമാണ്. അസോസിയേഷൻ സ്വത്തുക്കൾ ജനങ്ങൾക്ക് അവരുടെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിലൂടെ നിയന്ത്രണം ഉള്ളതും സുന്നഹദോസിന്റെ കീഴിലുള്ളവ മെത്രാർ സമിതിയുടെ മാത്രം നിയന്ത്രണത്തിലുള്ളതുമാകുന്നു എന്ന് മാത്രമല്ല അസ്സോസിയേഷൻ സ്വത്തുക്കൾ ഉപയോഗിച്ച് സ്ഥാപിക്കുന്ന സ്ഥാപനങ്ങൾ അസോസിയേഷന്റെ തന്നെ നിയന്ത്രണം ഉണ്ടാകണം എന്ന തത്വത്തിനു വിരുദ്ധവുമാണ് ഈ നടപടി.

സുന്നഹദോസിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ കണക്കുകളും മറ്റും മെത്രാന്മാരുടെ സമിതി മുമ്പാകെ മാത്രം സമർപ്പിക്കപ്പെടുന്നതാണ്. പരുമല ക്യാൻസർ സെന്റർ ഇതുവരെ മാനേജിംഗ് കമ്മറ്റിക്കു യാതൊരു പ്രാതിനിധ്യവും ഇല്ലാത്ത സ്ഥാപനമാണ്. ഈ പ്രോജക്ടിന്റെ വിജയത്തെപ്പറ്റി ഇക്കാര്യങ്ങൾ അവഗാഹമുള്ള പലരിലും ആശങ്ക ഉണ്ട്. സഭയുടെ വകയായുള്ള പല വസ്തുക്കളും കയ്യേറ്റം മൂലം നഷ്ടപ്പെട്ടിട്ടുണ്ടെന്നും ഈ വസ്തുവിനും അതേ ഗതി ഉണ്ടാവുമെന്നും ആയതിനാൽ വില്ക്കുകയാണ് ഇന്ന് ബുദ്ധി എന്നും ചില വാദങ്ങൾ കേൾക്കുക ഉണ്ടായി. കാലാ കാലങ്ങളായി കൈവശമുള്ള ഭൂമി കയ്യേറ്റത്തിൽ നിന്നും സംരക്ഷിക്കാൻ കഴിയുന്നില്ലെങ്കിൽ അതിനു കെടുകാര്യസ്ഥത എന്നാണു പറയേണ്ടത്. വിൽപ്പന അതിനുള്ള പരിഹാരവുമല്ല.

സഭയുടെ വിശാല താല്പര്യങ്ങളും ഭാവി വികസനവും ഒന്നും ബഹുഭൂരിപക്ഷം മാനേജിംഗ് കമ്മിറ്റി അംഗങ്ങൾക്കും വിഷയമല്ല. ചില വ്യക്തി നിഷ്ടവും പ്രാദേശികവും ആയ അജണ്ടകൾ മാത്രമാണ് അവരെ നയിക്കുന്നത്. പലരും ക്രമമായി യോഗങ്ങളിൽ പങ്കെടുക്കാറ് പോലുമില്ല. സഭയുടെ ദുരവസ്ഥ എന്നല്ലാതെ എന്ത് പറയാൻ.

അൽമായവേദി

വാർഷിക വരിസംഖ്യ: 150 രൂപ (ഇന്ത്യയിൽ)
മണിഓർഡർ അയയ്ക്കുമ്പോൾ ശ്രീ. ജോർജ്ജ് മാത്യു, ട്രഷറർ, അൽമായവേദി, ചക്കാലപ്പറമ്പിൽ വടക്കേ വീട്, പുത്തനങ്ങാടി, കോട്ടയം-1 എന്ന വിലാസത്തിൽ അയയ്ക്കുവാൻ അഭ്യർത്ഥിക്കുന്നു. ലേഖനങ്ങൾ, കത്തുകൾ എന്നിവ അയക്കേണ്ട വിലാസം:

AKHILA MALANKARA ORTHODOX ALMAYAVEDI
Post Box No. 652, Kottayam - 686001

അൽമായവേദി ബ്ലോഗിലും ഫേസ് ബുക്കിലും

അൽമായവേദിയുടെ വെബ്സൈറ്റ് സജീവമായ കാര്യം സന്തോഷപൂർവ്വം അറിയിക്കുന്നു. അതോടൊപ്പം ബ്ലോഗ്, ഫേസബുക്ക് എന്നീ മാദ്ധ്യമങ്ങളിലും അൽമായവേദി സജീവമായുണ്ട്. എല്ലാ അഭ്യുദയകാംഷികളെയും ഇവയിലേക്ക് ക്ഷണിക്കുന്നു.

Website: www.orthodoxalmayavedhi.org

Blog: http//malankaraorthodoxalmayavedhi@blogger.com

Facebook: http//www.facebook/groups/almayavedhi

പേജ് 1 ൽ നിന്നും

ഗൂഢതന്ത്രം പാളിയതുമൂലമുള്ള വൈക്ലബ്യം മാറിയപ്പോൾ സെക്രട്ടറിയേറ്റ് പടിക്കൽ പോയി യാക്കോബായ എം.എൽ.എ. മാരെ പിൻവലിക്കും എന്ന് ഗവൺമെന്റിനെ ഭീഷണിപ്പെടുത്തി തെറ്റുപറയരുതല്ലോ മന്ത്രിമാർ ചെന്ന് സഭയെ ഭാഗിച്ചു തരാം. ഏകാംഗകമ്മീഷൻ വയ്ക്കാം എന്ന് ഉറപ്പ് നല്കി. ഈ മന്ത്രിമാരും കേരളാഗവർമെന്റും ഈ തീവ്രവാദ ഗ്രൂപ്പിനെ പേടിക്കുന്നത് എന്തിന്. ആർജ്ജവമുള്ള ഭരണാധികാരികൾ മാനിക്കേണ്ടത് സുപ്രീം കോടതിയേ അല്ലേ ? എന്തായാലും സരീതഹരം രാഷ്ട്രീയ ഹരമായിമാറിയ സ്ഥിതിക്ക് ശ്രേഷ്ഠന്റെ ചേഷ്ടക്ക് മദ്ധ്യമ സാന്നിദ്ധ്യം നഷ്ടമായി. നിരപ്പിലും മാകണ്യാട്ടുമലശ്ശേരിയിലും വെട്ടും കുത്തും നടത്തിയവരെ കോടതിശിക്ഷിച്ചു. സുപ്രീം കോടതിയെ തൃണവത്കരിക്കുന്നവർക്ക് കീഴ്ക്കോടതി ഉത്തരവ് നിസ്സാരം.

ഓർത്തഡോക്സ് സഭാ പിതാക്കന്മാരെ വെടക്കാക്കി മിടുക്കനാകാൻ ശ്രമിക്കുന്ന ഡോ.മൽഫോനോ ദി മർദൂത്തോ

പുതിയ യാക്കോബായ സഭയുടെ **(2002 ൽ സ്ഥാപിതം)** മുഖ പത്രമായ വിശ്വാസ സംരക്ഷൻ മെയ് ലക്കത്തിലെ ഡോക്ടർ കുര്യാക്കോസ് കോർ എപ്പിസ്കോപ്പ മൂലയിൽ എഴുതിയ പൗലോസ് ബാവാ കണ്ണടച്ച് ഇരുട്ടാക്കുന്നു എന്ന ലേഖനത്തിൽ പ: കാതോലിക്കാ ബാവയെ മലങ്കര ഓർത്തഡോക്സ് അഥവാ മലങ്കര യാക്കോബായ സഭയുടെ പരമാദ്ധ്യക്ഷനായി അംഗീകരിച്ച് എഴുതിയശേഷം. പ: പിതാവിനെ അവഹേളിച്ചും ആക്ഷേപിച്ചും തുടരുന്ന ലേഖനം മൂലയിലച്ചന്റെ സ്ഥാനമാനങ്ങൾക്കും ഡോക്ടറേറ്റിനും ചേർന്നതാണോ ? ഒരു ക്രൈസ്തവ പുരോഹിതൻ ഇത്രയും തരംതാണു പോയല്ലോ എന്ന് ഓർത്തു ദുഃഖിക്കുന്നു. അതോ അച്ചനും ബുദ്ധിഭ്രംശം സംഭവിച്ചോ എന്ന് ശങ്കിക്കുന്നതിൽ തെറ്റുണ്ടോ?

പുത്തൻ കുരിശിൽ 2002 ൽ -രജിസ്ട്രർ ചെയ്ത യാക്കോബായ ക്രീസത്യനി സഭ എന്ന സൊസൈറ്റിയുടെ ചരിത്രരചയിതാവാണ് മൽഫോനോ ദി - മർദൂത്തോ. ഇദ്ദേഹം കുറിച്ചി ഹോമിയോ കോളേജിൽ ചേർന്ന വർഷം തന്നെ ഒരു വൈദീക സെമിനാരിയിലും പഠിക്കാതെ നിന്ന നില്പിൽ വൈദീകനായി. ദൈവകൃപയാൽ ഹോമിയോ കോളേജിൽ നിന്ന് സഭ ചരിത്രത്തിൽ ഡോക്ടറേറ്റും സമ്പാദിച്ച ഏക ക്രൈസ്തവ പുരോഹിതൻ.

പൂർവ്വിക പിതാക്കന്മാരുടെ സഭാ ചരിത്രത്തിലെ തെറ്റുകൾ തിരുത്തി തന്റെ സംഘടനക്ക് അനുകൂലമാക്കാനും ഈ സർവ്വകലാ വല്ലഭനായ വൈദികൻ പരിശ്രമിക്കുന്നു. എന്തിന് വി. വേദപുസ്തകത്തിലെ തെറ്റും സുവിശേഷങ്ങളിലെ യേശുവിന്റെ ഉപമകളിലെ തെറ്റുകളും കണ്ടുപിടിച്ച് തിരുത്തിവരുന്നതിനാൽ പാത്രീക്കീസുബാവയും ശ്രേഷ്ഠ ബാവയും മത്സരബുദ്ധിയോടെ അച്ചന് സ്ഥാനമാനങ്ങൾ നല്കി ശ്വാസം മുട്ടിക്കുന്നു. കേവലം പത്തുവയസ്സ് പ്രായമായ തന്റെ സഭയെ 58 ന് മുൻപ് പഴയ ബാവകക്ഷിക്കാരനായിരുന്ന ഇടയനാലച്ചന്റെ ഭാഷ പ്രകാരം ആകെ മാനത്തു മാത്രമുള്ള സഭാഭാഗമാക്കാനും അച്ചനായി. യാഥാർത്ഥ്യം ഇതായിരിക്കെ വിവരം കെട്ട ഓർത്തഡോക്സ് തീവ്രവാദികളും, ഇടുക്കി ക്ലിമീസും, പാമ്പാടി പീലക്സിനോസിന്റെ അനുയായികളും അദ്ദേഹത്തെ പഴിക്കുന്നത് വിവരക്കേടുതന്നെ. ഇപ്പോൾ അദ്ദേഹം പുത്തകുരിശ് തിയോളജിക്കൽ കോളേജ് പ്രഫസർ കൂടിയാണ്.

ഈ മർദൂത്തോ അച്ചൻ പ: കാതോലിക്കാബാവയെ ഒരു സഹോദര സഭാ അദ്ധ്യക്ഷനായി ആദരിച്ചുവരുമ്പോഴാണ് പ : ബാവ പറയുന്നത്. 1995 ലെ സുപ്രിം കോടതി ഉത്തരവോടെ സഭയിലെ കക്ഷിവഴക്ക് അവസാനിച്ചു. ഈ സത്യം തുറന്നുപറഞ്ഞത് ശരിയായില്ലന്നാ മൽഫോനോ അച്ചന്റെ കണ്ടത്തെൽ. ഏതായാലും പ: പൗലോസ്സ് ദ്വിതിയൻ ബാവയുടെ സഭയുമായി യാതൊരു ബന്ധമില്ലാത്ത പുതിയ സഹോദരി സഭയുടെ ഈ വൈദികന് പ: ബാവ പറഞ്ഞസത്യം ഇഷ്ടമായില്ല.

പ:കാതോലിക്കാബാവയെ പോപ്പിനും, പാത്രീക്കീസിനും തുല്യസ്ഥാനിയായി കാണുന്നതും അച്ചനരോചകമാ കാരണം പുത്തകുരിശ് സഭാചരിത്രം അച്ചൻ ചമച്ചതങ്ങിനയാ. സായിപ്പിനെ കാണുമ്പോൾ കവാത്തു മറക്കുന്നവരല്ലേ നമ്മൾ ഇഢ്യക്കാർ. പാത്രീക്കീസാവണമെങ്കിൽ തൊലിവെളുത്ത് തടിച്ച് കൊഴുത്തു ചുമന്ന അറബികളായിരിക്കണം. കറുത്ത ഇന്ത്യാക്കാരൻ കീഴ്സ്ഥാനി അടിമകളിച്ചാൽ മതി എന്നാ അച്ചന്റെ മതം. കനകസിംഹാസനത്തിൽ കറുത്തവനിരുന്നാൽ സിംഹാസനം കരിപിടിക്കും എന്നാണ് അച്ചന്റെ ആശയം. അതുകൊണ്ടു തന്നെ പ: കാതോലിക്കാബാവ പോപ്പിനും പാത്രീക്കീസിനും തുല്യനാവില്ല. ബ്രിട്ടീഷുകാർ മയൂരസിംഹാസനം ഇഢ്യയിൽ നിന്ന് എന്തിനാ കടത്തിയത്? പണ്ടോരു പാത്രീക്കീസ് പുതുപ്പള്ളിപള്ളിയിലെ സ്വർണ്ണകുരിശ് തട്ടികൊണ്ടുപോകാൻ ശ്രമിച്ചതും മലങ്കര പള്ളികൾ സ്വന്തപേരിൽ ഉടമ്പടി എഴുതിച്ചതുമാണ് ബാവ കക്ഷി മെത്രകക്ഷി ഉണ്ടാകാൻ കാരണം എന്ന സത്യം അച്ചന്റെ ചരിത്രത്തിലില്ല. തോമ്മാശ്ലീഹാ ഈ ഭാരതത്തിൽ വന്ന് സുവിശേഷിച്ചത് കർത്താവു കല്പിച്ചിട്ടാണെങ്കിലും, സിറിയായിലെ പാത്രീക്കീസു ബാവ നമ്മെ ക്രിസ്തുവിൽ ജനിപ്പിച്ച നമ്മുടെ പിതാവായ മാർത്തോമ്മാ ശ്ലീഹായിക്ക് സിംഹാസനം ഇല്ലാതാക്കി - പോകട്ടെ 203/70 ലൂടെ മാർത്തോമ്മാശ്ലീഹായെ കപ്യാരുപോലും അല്ലാതാക്കി. അതുകൊണ്ടു തന്നെ ചരിത്രകാരനായ കോറിയച്ചനും ചെറുവള്ളിതിരുമേനിക്കും - പുത്തകുരിശിൽ പുത്തൻ സഭ സ്ഥാപിക്കാനായി. - സ്വന്ത പിതാവായ മാർത്തോമ്മായെ സെക്യൂരിറ്റി അഥവാ കാവൽക്കാരനാക്കി തുബേദ്ദേനിൽ ചേർത്തു. സ്വന്തം അപ്പനെ വെറും ഔസേപ്പ് ചേട്ടനാക്കുന്നവർ പൗരസ്ത്യകാതോലിക്കായ്ക്ക് പോപ്പിനും - പാത്രീക്കീസിനും ഉള്ള ഔന്നത്യം ഇല്ലന്ന് എഴുതുന്നതിൽ വേദനിക്കേണ്ടതില്ല.

ഇഢ്യക്കാർ പല മത സമുദായ രാഷ്ട്രീയ സംസ്ക്കാര വ്യത്യാസമുള്ളവരായാലും അവരുടെ സംസ്ക്കാരം ഭാരതീയം തന്നെ. അധിനിവേശക്കാർക്ക് അവരുടെ സംസ്ക്കാരവും ഉണ്ടാകാം. എന്നിരുന്നാലും ഇഢ്യൻ പ്രസിഡണ്ടും പ്രധാനമന്ത്രിയ്ക്കും - പാക്കിസ്ഥാൻ, ചൈനാ, ഇംഗ്ലണ്ട് എന്നീ രാജ്യത്തെ അധികാരികളെക്കാൾ ഔന്നത്യം രാജ്യ സ്നേഹികളായ ഏതൊരു ഭാരതീയനും നല്കും. എന്നാൽ സ്വന്തം രാജ്യത്തെ ഒറ്റുനല്കി സമ്പത്തും, സ്ഥാനമാനങ്ങളും ഉണ്ടാകുന്ന യൂദാസുകൾക്കും ചാരന്മാർക്കും പാക്കിസ്ഥാൻ നേതാവും ചൈനീസ് നേതാവും ആദരണീയരായിരിക്കും. അതുകൊണ്ടാണല്ലോ കാശ്മീരിലെ ചില തീവ്രവാദി മുള്ളമാർ ഹിതപരിശോധന നടത്തി കാശ്മീർ പാക്കിസ്ഥാനുനല്കി പ്രശ്നം തീർക്കാം എന്നു പറഞ്ഞ് അക്രമം കാട്ടുന്നത് ഭാരതാംബയെ ഒറ്റുകൊടുക്കുന്ന വേതാളന്മാർ അതുപോലെ മലങ്കര സഭാ മാതാവിനെ മറന്നാലും തകർന്നടിഞ്ഞ സിറിയൻ സഭയെ മറക്കില്ലന്നും, മാർത്തോമ്മാശീഹാ ഞങ്ങളുടെ പിതാവല്ലന്നും പുലമ്പുന്നവരും മലങ്കരസഭയിലും ഉണ്ട്. ഈ സത്യവും അച്ചന്റെ ചരിത്രത്തിലില്ല. ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ സംരക്ഷമെന്ന പേരിലുള്ള ഒരു കേന്ദ്രത്തിലെ ഒരു കുട്ടി തന്റെ സഹപാഠിയോട് എടാ നിന്റെ പപ്പാ എത്ര സുന്ദരനാ വെളുത്ത് ചുമന്ന് കാണാൻ നല്ല രസമാ - നമ്മുക്ക് മിഠായിയും, കുപ്പായവും എല്ലാം വാങ്ങിതരും - എന്റെ അപ്പയെ കണ്ടാൽ കറുത്തതാ ഒരു രസവുമില്ല - മിഠായിയും ഇല്ല കുപ്പായവുമില്ല. ഇനി നിന്റെ പപ്പായെ ഞാനും പപ്പാ എന്നു വിളിക്കും. എന്റെ അപ്പായെ നിന്റെ വീട്ടിലെ കാവൽക്കാരനോ, വേലക്കാരനോ ആക്കിക്കോ - മറ്റേ കുട്ടി അപ്പോൾ നിന്റെ അമ്മയോ -അമ്മയേയും ഞാൻ മറക്കും എന്നാലും നിന്റെ പപ്പാ തന്ന മിഠായിയും കുപ്പായവും മതി എനിക്ക് - പഴയ ബാവ കക്ഷി പറഞ്ഞതും ഞങ്ങൾക്ക് കാതോലിക്കായും 1934 ലെ ഭരണഘടനയും വേണ്ടേ വേണ്ട എന്നു പറഞ്ഞാണ് കേസ്സ് കളിച്ചത്. 1970 തുകളിൽ തോമസ്സ് ദിവന്നാസിയോസ്സും പെരുമ്പള്ളിയും പുലമ്പിയതും ഇതുതന്നെ. പിന്നീടു പറഞ്ഞു. മാർത്തോമ്മാശ്ലീഹാ കപ്യരുപോലുമല്ലാത്തതിനാൽ ഭാരത നസ്രാണിയുടെ പിതാവുമല്ലാ; തോമ്മായിയ്ക്ക് സിംഹാസനവും ഇല്ല.

ഇനി പ: കാതോലിക്കാ ബാവ തിരുമേനി ഈ അഭിനവ ചരിത്രകാരൻ അച്ചനോടു ചെയ്ത അപരാധം എന്തന്നോ, 1995 ലെ സുപ്രിം കോടതി ഉത്തരവോടെ രണ്ടാം സമുദായക്കേസ്സ് അഥവാ പാത്രീക്കീസ്സ് കാതോലിക്കാ കക്ഷി വഴയ്ക്ക് അവസാനിച്ചു എന്ന്, മലങ്കര സഭാ മാസികയിൽ എഴുതി അത്ര മാത്രം. ഈ സത്യം തുറന്നെഴുതിയത് ദി മർദൂനോയ്ക്ക് ഇഷ്ടമായില്ല. അതുകൊണ്ട് ബാവ കണ്ണടച്ച് ഇരുട്ടാക്കുന്നു. സങ്കുചിതവും വഞ്ചനാപരവും അല്പത്വവുമാണ്. പരിശുദ്ധ എന്ന വാക്കും. പോപ്പിനും പാത്രീക്കീസിനും തുല്യസ്ഥാനിയാണ് കാതോലിക്കാ ബാവ എന്ന സത്യവും മർദൂത്തോയിയ്ക്ക് സഹിച്ചില്ല. മർദൂത്തോ മൂലേലച്ചനായിരുന്നപ്പോൾ എഴുതി 1958 ൽ മെത്രകക്ഷി ബാവ കക്ഷി വഴക്ക് കോടതി ഉത്തരവോടെ അവസാനിച്ചു. അന്നുവരെ വൃദ്ധൻ പുന്നൂസ്സായിരുന്ന പ: കാതോലിയ്ക്ക ബാവയെ കത്തിലൂടെ കാതോലിയ്ക്കയാക്കി. ശരിയായിരിക്കാ. കാരണം എഴുപതുകളിൽ മലങ്കര ഓർത്തഡോക്സ് സഭയിലെ പി.എം. ഗീവർക്ഷീസ് കത്തനാരും, സി.എം. തോമസ് കത്തനാരും ഒരു രാത്രിയിൽ ഒന്നിച്ചു മുങ്ങി പിറ്റേന്ന് മെത്രാന്മാരായി പൊങ്ങിയെന്ന് മാദ്ധ്യമങ്ങൾ വഴി ജനവും. പാത്രീക്കീസിന്റെ വ്യജകല്പന വഴി സഭയും അറിഞ്ഞു. അന്ന് സഭാ താല്പര്യ പ്രകാരമോ, ജനഹിത പ്രകാരമോ സഭാസ്ഥാപനോദ്ദേശമോ ഭൂരിപക്ഷമോ കാതോലിക്കാ ബാവയുടെയോ മെത്രാന്മാരുടെയോ അനുമതിയോ ഇല്ലാതാണിവർ സ്ഥാനികളായത്. അന്ന് പുതിയ സഭ സ്ഥാപിക്കാനുദ്ദേശിമില്ലായിരുന്നു. മെത്രാനാകണം എന്നു മാത്രമായിരുന്നു ചിന്ത. അതുകൊണ്ടാണല്ലോ മൽഫോനോ കോറിയച്ചന്റെ നാട്ടിൽ ഞാലിയാകുഴിയിൽ ചെറുവള്ളി, പെരുമ്പള്ളിമാർക്ക് സ്വീകരണം നല്കിയപ്പോൾ ചെറുവള്ളി വിറ കൊണ്ടുപറഞ്ഞു. കാതോലിക്കാ എന്ന സാധനത്തെ ഉണ്ടാക്കുന്നതു കാണാൻ കൽക്കാട്ടായിൽ നിന്ന് 750 രൂപ മുടക്കി വിമാനത്തിലാണാന്നിവിടെ എത്തിയത്. ഇനിമേൽ ഈ സാധനം നമ്മുക്ക് വേണ്ടേ വേണ്ട. ദിമർദൂത്തോ കോറിയച്ചൻ ഒരു കൊച്ചനായി ആവേശം കൊണ്ടു നിന്നത് അച്ചൻ മറന്നു. പെരുമ്പള്ളി തിരുമേനി ശാസ്ത്രിറോഡിലെ ഷാപ്പ് വാങ്ങി ആഷെഡ് സെന്റ് ജോസഫ് പള്ളിയാക്കുന്നത് മലങ്കര മെത്രാപ്പോലിത്തയുടെ പേരിലാ. അതുകൊണ്ടുതന്നെ ആ പള്ളി മലങ്കര മെത്രാപ്പോലിത്തയുടെതാണ്. സഭയിൽ സമാധാനം സ്ഥാപിച്ച് പാത്രീക്കീസ് സ്ഥാനരോഹണം ചെയ്ത പ: ഔഗേൻ ബാവയ്ക്ക് ബദലായി. മൂവാറ്റുപുഴ പീലക്സിനോസ്സിനെ പാത്രീക്കീസ് കാതോലിക്കയായി നിയമിച്ചു. പക്ഷെ ചെറുവള്ളിമെത്രാൻ ശ്രേഷ്ഠ കാതോലിയ്ക്കായേ അവഗണിച്ചാക്ഷേപിച്ചു. അങ്കമാലിയിലെ പള്ളികളിൽ അദ്ദേഹത്തെ കയറ്റാതെ തടഞ്ഞു. അദ്ദേഹം വാഴിച്ച തിമോത്തിയോസ്സ്, തേയോഫിലോസ്സ് എന്നിവരെ പള്ളികളിൽ കയറ്റാതെ തടഞ്ഞു. ആ പിതാവ് കാലം ചെയ്തശേഷവും സഭയ്ക്ക് കാതോലിയ്ക്കാവേണ്ടന്ന് തീരുമാനിച്ചു. പെരുമ്പള്ളി തിരുമേനിയെ സുന്നഹദോസ്സ് പ്രസിഡണ്ടാക്കി ഒതുക്കി. 95 ലെ സുപ്രിം കോടതി ഉത്തരവു പ്രകാരമുള്ള ഡിക്രി കോട്ടയം ഡയോസ്സിസ് ബുള്ളറ്റിനിൽ തിരുമേനിയും ഫാ മൂലയിൽ കുറിയാക്കോസ്സ് കോർപ്പിസ്ക്കോപ്പയും കൂടി പ്രസിദ്ധീകരിച്ചു. സഭാ സമാധാനത്തിന് അഹ്വാനം ചെയ്ത് കല്പനയും പ്രസിദ്ധീകരിച്ചു. കല്പനയിൽ പറയുന്ന ബഹുമാനപ്പെട്ട സുപ്രീം കോടതി ഭേതഗതി വരുത്തിയ 1934 ലെ സഭാ ഭരണഘടനയോട് കൂറും വിധേയത്വവും പ്രഖ്യാപിക്കുന്നവരാണ് സഭാംഗങ്ങളാകാൻ അർഹതപ്പെട്ടവർ. ഈ യാഥാർത്ഥ്യങ്ങളെ മറച്ചുവച്ച് ചരിത്രം രചിക്കുന്ന അച്ചൻ കാപട്യം കാട്ടുന്നതു വഞ്ചകനല്ലേ? സ്ഥാനമാനങ്ങൾക്കുവേണ്ടി മനുഷ്യൻ ഇങ്ങനെ തരം താഴരുത്.

അച്ചന്റെ ഇടവക പള്ളി നാലുന്നാക്കൽ സെന്റ് ആദായിസ് പള്ളി കരിപ്പാലച്ചന്മാരുടെ സ്ഥലത്ത് അവർ സ്ഥാപിച്ചതിന്റെ ഉദ്ദേശം മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച സഭാ പാരമ്പര്യങ്ങൾ നിലനിർത്തിപോരാനാണ് പക്ഷെ അച്ചനും കൂട്ടരും പള്ളിസ്ഥാപിച്ചവരെ മൂന്നു ഭാഗത്തേക്ക് ചിറതറിച്ച് പള്ളി കൈയ്യേറി. പുതുക്കി പണിത പള്ളി കോട്ടയം ഇടവകയുടെ പാറേട്ട് മാർ ഈവാനീയോസ്സ് കുദാശ ചെയതു എന്ന ഫലകം പൊളിച്ചു മാറ്റി മറ്റൊന്ന് സ്ഥാപിച്ച് അച്ചനും കൂട്ടരും പള്ളി സ്വന്തമാക്കിയതുപോലെ സെന്റ് ജോസഫ് പള്ളി ഓർത്തഡോക്സ് സഭയ്ക്കാവശ്യമില്ല. ഓർത്തഡോക്സ് സഭവക പള്ളികൾ ചേർത്ത് പുത്തൻകുരിശിൽ പുതുസഭ രജിസ്ട്രർ ചെയ്തത് നിലനിന്നുവരുന്ന സഭയുടെ സംഘാടക ശക്തിക്കും സംരക്ഷണക്കുമാണെന്ന വാദം തെറ്റാണ്. നിലനിന്നുവരുന്ന സഭയിലെ ബാവകക്ഷിയും മെത്രാകക്ഷിയും ബാവകക്ഷിയുടെ നിർദ്ദേശാനുസരണം ഭേതഗതിവരുത്തിയ 1934 ലെ ഭരണഘടനയോടു കൂറും വിധേയത്വവും പ്രഖ്യാപിച്ചു. ബാവകക്ഷി സുപ്രിം കോടതിയിലാവശ്യപ്പെട്ട് മദ്ധ്യസ്ഥനീരിക്ഷകന്റെ നിരീക്ഷണത്തിൽ പള്ളികളിൽ നിന്ന് ജനഹിതഭൂരിപക്ഷ പ്രകാരം തിരെഞ്ഞെടുത്ത അംഗങ്ങൾ അസ്സോസിയേഷനിൽ പങ്കെടുത്തു. 1970 നുശേഷം ഇരുപക്ഷവും വാഴിച്ച സ്ഥാനികളെ സ്വീകരിച്ച് കക്ഷിവഴക്ക് അവസാനിപ്പിച്ച വിവരം മദ്ധ്യസ്ഥൻ സുപ്രീം കോടതിയെ അറിയിച്ചു. കോടതി അത് അംഗീകരിച്ച് ഉത്തരവുമായി. ഇതു സത്യമല്ലെന്ന് എങ്ങനെ പറയും അച്ചാ.

കൽക്കദോൻ സുന്നഹദോസിനെ സ്വീകരിച്ചവർ കീഴടക്കിയ അന്ത്യോഖ്യാ വിശ്വാസവും സിംഹാസനവും സിറിയൻ ഓർത്തഡോക്സ് സഭയിൽ പുന:സ്ഥാപിച്ച യാക്കോബ് ബുർദ്ദാനയുടെ പേരും പറഞ്ഞ മലങ്കരസഭയെ പിച്ചിചിന്താൻ ശ്രമിക്കുന്ന അഭിനവവ്യാജ ബുർദ്ദാനക്കുവേണ്ടിയുള്ള അച്ചന്റെ ചരിത്രവും വ്യാഖ്യാനവും വിശ്വാസികളെ വഞ്ചിക്കലല്ലേ? ഒന്നും ഇല്ലാഴികയിൽ നിന്ന് ഓർത്തഡോക്സ് വിശ്വാസവും അലക്സാണ്ഡ്രിയൻ വേദശാസ്ത്രവും നിലനിർത്തിയ പിതാവാണ് യാക്കോബ് ബുർദ്ദാന. മലങ്കരയിലെ അഭിനവ ബുർദ്ദാന - മലങ്കര ഓർത്തഡോക്സ് സഭാവക പള്ളികളും സ്ഥാപനങ്ങളും സുപ്രിം കോടതി ഉത്തരവിന് വിരുദ്ധമായി കൈയ്യേറി. പുതിയ സഭ രജിസ്റ്റർ ചെയ്തതു. ഒരു വിദേശ സഭയുടെ കീഴ്സ്ഥാനിയും കീഴ്ഘടകവുമായ ടിയാന്റ സഭ എങ്ങനെ മലങ്കരസഭ വക പള്ളികളുടെ ഉടമയും കാതോലിക്കയുമാകും. പാലകുന്നനെ മെത്രാനാക്കി മലങ്കരസഭയെ പിളർത്തി മാർത്തോമ്മാ സഭയുണ്ടാക്കിയ പാത്രീക്കീസ് സഭാ കേസ്സ് കോടതി വഴി തീർത്താൽമതിയെന്ന് കല്പിച്ചു. പരീഷണാർത്ഥം ബ്രിട്ടീഷ് രാജ്ഞിയുടെയും നാട്ടുരാജാക്കന്മാരുടെയും മദ്ധ്യസ്ഥത വേണ്ടെന്നു കല്പിച്ചു. പൗലൂസ് പിലക്സിനോസ്സിനെ കാതോലിക്കയാക്കി. പാത്രീക്കീസ് വഴിച്ച കാതോലിക്കായെ അവഗണിച്ചവൻ കീഴ്സ്ഥാനി കാതോലിയ്ക്കായപ്പോൾ സഭാ പ്രശ്നം കോടതിവഴിവേണ്ട. മദ്ധ്യസ്ഥൻ വഴിമതി. കോടതി നിയമിച്ചുവെച്ച മദ്ധ്യസ്ഥനെയും അവഗണിച്ച് കേരളാഗവർമെന്റിനെയും മാദ്ധ്യമങ്ങളെയും സ്വാധിനിച്ച് സുപ്രിം കോടതി ഉത്തരവിനു വിരുദ്ധമായി കീഴ്ക്കോടതി (പള്ളികോടതി)യും, കീഴ്ക്കോടതിയുടെ മീഡിയേഷൻ സെല്ലും മന്ത്രിസഭയുടെ ഉപസമതിയും കലക്ടറുടെ കാപ്പപ്പെട്ടിചുമടും. രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ചുള്ള കൊടുംവഞ്ചനയല്ലേ അച്ചാ.

മുൻലക്കം സംരക്ഷകനിലൊന്നിലെഴുതിയിരുന്നു. ഒന്നും ഇല്ലാഴികയിൽ നിന്ന് പത്തുകൊല്ലംകൊണ്ട് മാദ്ധ്യമങ്ങളെ സ്വാധിനിച്ചും, പ്രീണിപ്പിച്ചുമാണ് പുത്തൻ യാക്കോബായ സഭയെ അഭിനവയാക്കോബ് ബുർദാനയും അഭിനവ ചരിത്രകാരൻ ദി. മർദൂത്തോയും വളർത്തിയത് എന്ന് കോലഞ്ചേരി പള്ളിപൂട്ടിക്കാൻ T.U. കുരുവിള MLA കുരിശും തൊട്ടി പൊളിക്കാൻ കൂട്ടനിന്നില്ലേ MLA മാരെ സ്വാധീനിക്കാൻ അയച്ചകത്ത് പത്രങ്ങളിലും T.V. യിലും വന്നില്ലേ. കുർബ്ബാനയെ അവഹോളിക്കാൻ കലക്ടർ കാപ്പപ്പെട്ടിചുമന്ന് അകമ്പടി സേവിക്കുന്നതും T.V. യിൽ കണ്ടതല്ലേ. മലങ്കരവർഗ്ഗീസ് കേസ്സ് അന്വേഷണം വഴിമുട്ടിനില്ക്കുന്നതിന്റെ പിന്നിലും രാഷ്ട്രീയ പ്രീണനമല്ലേ? അടുത്തകാലത്തും MLA മാരെ പിൻവലിയ്ക്കും എന്ന ഭീഷണിമുക്കിയതും K.P. യോഹന്നന്റെ സഭയിൽ നിങ്ങൾ ലയിക്കാൻ ശ്രമിച്ചതും ദ്രവ്യഗ്രഹത്തിനല്ലേ. അതോ ചെറുവള്ളി എസ്റ്റേയിറ്റ് തന്റെ കുടുംബ സ്വത്താണെന്ന് വരുത്താനാണോ? കാതോലിക്കേറ്റ് വേണ്ടന്നും, 1934 ലെ ഭരണഘടന വേണ്ടെന്നും പറഞ്ഞവർ കാതോലിയ്ക്കാ ചമയുന്നതും 2002 ഭരണഘടനയും മാർത്തോമ്മായുടെ ഭാരതസഭയെ സിറിയൻസഭപോലെ നശിപ്പിക്കാനാണോ? ഉള്ളവരെയെല്ലാം ബാറീത്തോയും, കോറിയും, കീറിയും, ഷവലിയാറും, കമാണ്ടറും, ദി മർദ്ദൂത്തോയും ആക്കി സ്വർഗത്തിലെത്തിക്കാം എന്നത് ആകാശത്തിലുള്ള ബാവയോടും പാത്രീക്കീസുബാവയോടും കാട്ടുന്ന കടുംവഞ്ചനയാണ്. കാരണം സുപ്രിം കോടതി വിധിപ്രകാരം മാതൃ സഭയിലെത്തിയശേഷം തിരിച്ചുപോയ ഒരു മെത്രാൻ ഒരിക്കൽ പറഞ്ഞു. ശ്രേഷ്ഠ ബാവ ഒരു മെത്രാനോട് ചോദിച്ചത്രേ വേദപുസ്തകത്തിൽ എഴുതിയിരിക്കുന്നത് അപ്പടി വിശ്വസിക്കുന്ന ആബുനേ ഇതൊക്കെ ചുമ്മാതാ. ഇതെല്ലാം ഇവിടം കൊണ്ട്തീരും നേടാനുള്ളത് ഇവിടെ നേടണം. എന്താ നേടേണ്ടത് സ്ഥാനവും, മാനവും, പണവും അച്ചന്റെ ചരിതവും അതല്ലേ?

ജ: മളിമഠിനെ മദ്ധ്യസ്ഥനാക്കിയത് തോമസ് ദിവന്നാസിയോസ്സിന്റെ ആവശ്യ പ്രകാരമാ. അദ്ദേഹം നിഷ്പക്ഷ നിലപാട് സ്വീകരിച്ചത് ദിവന്നാസിയോസ്സിനെ പ്രകോപിച്ചു. തന്റെ പ്രീണനത്തിൽ വീഴാഞ്ഞതുമൂലം കാതോലിക്കാബാവ പറഞ്ഞതെല്ലാം ഏകപക്ഷീകമായി ജ: മളിമഠ് അനുസരിച്ചു. അസ്സോസേഷൻ ലിസ്റ്റ് ശരിയല്ല. ഇതിന് അച്ചന്റെ സഭ നൽകിയ റിട്ടുകൾ സുപ്രിം കോടതി നിർദയം തള്ളി. അച്ചനും ശ്രേഷ്ടനും തോമ്മാശ്ലീഹായെ തള്ളിയപോലെ സുപ്രീം കോടതി ഉത്തരവും തള്ളി. പുതുസഭ രജിസ്റ്റർ ചെയ്തു. അതല്ലേ സത്യം.

U.D.F കൺവീനർ തങ്കച്ചൻ സുപ്രീം കോടതി നിരീക്ഷകനെ ബഹിഷ്കരിച്ചങ്കിൽ അയാൾക്ക് ഇഢ്യൻ നിയമവ്യവസ്ഥയോടും സുപ്രീം കോടതിയോടുമുള്ള ബഹുമാനം അത്രമാത്രം എന്ന്. ഇത്തരം രാഷ്ട്രീയ പ്രമുഖർ കൂടെയുള്ള പുത്തകുരിശ് സഭയ്ക്ക് ആരേയും പേടിക്കേണ്ടതില്ല അതുതന്നെയാണ് എറണാകുളം ജില്ലയിൽ സിറിയൻ അധിനിവേശക്കാരായവർ ഓർത്തഡോക്സ് പള്ളികൾ പൂട്ടിക്കുന്നതും, ശവം തടയുന്നതും നിരപരാധികളെ കൊല്ലുന്നതും പോലീസിനേയും ഗവർമെന്റ് വക വാഹനങ്ങൾ കത്തിക്കുന്നതും പള്ളിയേയും പട്ടക്കാരനേയും ഉപേക്ഷിച്ചുവരാൻ പറഞ്ഞ കമ്മ്യൂണിസ്റ്റുകാരൻ MLA വരെ വൈദ്ദേശിക അധിനിവേശക്കാർക്കായി നിയമസഭയിൽ ആടിതിമർത്തു ഇതാണ് എറണാകുളത്തെ രാഷ്ട്രീയം. ഇത് അച്ചന്റെ സഭയുടെ മടിശീല ഘനം ഒന്നുതന്നെയാ.

സഭാ സന്ധിയാലോചനയ്ക്ക് മെത്രാന്മാരുടെ പെട്ടിചുമക്കാൻ പോയ അച്ചൻ ജസ്റ്റീസ് മളിമഠിനോട് നേരിട്ട് ചോദ്യങ്ങൾ ചോദിച്ചത് ശരിയല്ല. ഡോ. ബാബു പോളിനെ പോലുള്ളവരും ആധുനിക യാക്കോബ് ബുർദ്ദാന തുടങ്ങിയവർ കൂടെ ഉള്ളപ്പോൾ അച്ചൻ അവരെ അവഗണിച്ച് കൊത്തി കൊത്തി മുറത്തിൽ കേറി കൊത്തിയത് അഹങ്കാരമായിപ്പോയി. ചെമ്മീൻ ചാടിയാൽ മുട്ടോളം പിന്നെ ചട്ടിയിലാ. പെരുമ്പള്ളി തിരുമേനിക്കൊപ്പം ദേവലോകത്ത് സന്ധിയാലോചനയ്ക്കു പോയപ്പോഴും മാത്യൂസ് ദ്വിയൻ ബാവയുടെ നേരെയും അച്ചൻ വിരൽ ചൂണ്ടി എന്ന് കേട്ടിട്ടുണ്ട്. പെരുമ്പള്ളി ശാസിച്ചു. ക്ഷമ പറയിപ്പിച്ചതും അതിന്റെ പേരിൽ പെരുമ്പള്ളിതിരുമേനിയുമായി ഇടഞ്ഞതും മറിഞ്ഞതുമൊക്കെ കേട്ടിട്ടുണ്ട്.

ഓർത്തഡോക്സ് സഭ അംഗീകരിക്കുന്ന പാത്രീക്കീസിനുവേണ്ടി സഭ പ്രാർത്ഥിക്കും. ഇവിടെയ്ക്കുഷണിക്കും. ആ പാത്രീക്കീസ് സമന്മാരിൽ മുമ്പാണ് 50-പത് വയസ്സിൽ താഴെയുള്ള മൂലേ കോറിയച്ചനും 100 വയസ്സുകാരായ കണിയാംപറമ്പിലച്ചനും സ്ഥാനത്തിൽ തുല്യരാണ്. പക്ഷെ ഒന്നിച്ച് ഒരു ശുശ്രൂഷയിൽ വരുമ്പോൾ ശുബഹോല ചൊല്ലുന്നതും പ്രധാന ഇരിപ്പിടവും കണിയാ പറമ്പിലച്ചനല്ലേ നല്കേണ്ടത്. മെത്രാന്മാർ കൂദാശകൾ നടത്തുമ്പോൾ കസേരയിട്ടിരിക്കുന്ന മർദൂത്തോ കത്തനാർക്ക് ഈ തത്ത്വം മനസ്സിലാവില്ലന്നറിയാം. പ: പാത്രീക്കീസു ബാവയും പ: കാതോലിക്കാബായുടെയും സ്ഥാനമിതാണ്.

കോമൺ വെൽത്ത് രാജ്യാധിപന്മാർ ഒന്നിച്ചുകൂടുമ്പോൾ മുഖ്യാസനം ബ്രിട്ടീഷ് രാജ്ഞിക്കാണ്. അതുകൊണ്ടവർ ഇന്നും ഇഢ്യയുടെയോ പാക്കീസ്ഥാന്റെയോ, സിലോണിന്റെയോ പരമാധികാരി പോയിട്ട് അധികാരിപോലുമല്ല. പൗരസ്ത്യ ഓർത്തഡോക്സ് സഭാ അധിപതികൾ ഒന്നിച്ചു

പേജ് 4 ൽ തുടരും

അന്തിമോസിന്റെ അന്ധത

വിമർശക നിരൂപണം

കഴിഞ്ഞ ലക്കം സംരക്ഷകനിലെ സമകാലികം കുറിപ്പെഴുതിയ അന്തിമോസ് യാക്കോബായ സഭ യു.ഡി.എഫ്. ഗവൺമെന്റിൽ നിന്ന് ആകുവോളം ഔദാര്യങ്ങൾ പറ്റിയത് വിസ്മരിച്ചു.

അടുത്ത നാളുകൾ വരെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെയും, യു.ഡി.എഫ് നെയും വാരി പുണർന്ന് വാഴ്ത്തിപ്പാടിയ 2002-ലെ പുത്തൻയാക്കോബായക്കാർ പൊടുന്നനെ മുഖ്യനേയും, ആഭ്യന്തര മന്ത്രിയേയും തള്ളിപ്പറയുന്നത് വിചിത്രം. അന്ധത ബാധിച്ച അന്തിമോസ് ആധുനീക യാക്കോബായ സഭയുടെ തൂണും മല്പാനുമായ ഉമ്മൻ ചാണ്ടിയെ ആക്ഷേപിക്കുന്നതിൽ തെറ്റുപറയാനാകില്ല. കാരണം മലങ്കര സഭാസ്ഥാപകൻ മർത്തോമാശ്ലീഹായെ കപ്യാരുപോലും ആയി അംഗീകരിക്കാത്ത ഈ കൂട്ടർക്ക് സഭയുടെ പൈതൃകം സിറിയക്കാരിലാണെന്നാണ് ധാരണ. അപ്പപ്പോൾ കാണുന്നവരെ അപ്പാ എന്നു വിളിക്കുന്ന നയം. ആന്റണി ഗവൺമെന്റ് സുപ്രീം കോടതി ഉത്തരവ് നടപ്പാക്കി സഭാപ്രശ്നം തീർക്കാൻ തയ്യാറായി. അപ്പോൾ ഗവൺമെന്റ് കേസിൽ കക്ഷിയല്ല എന്ന് പറഞ്ഞ് ആന്റണിയെ പിൻതിരിപ്പിച്ചു. സഭാ ഐക്യത്തിനു ശ്രമിച്ച പാത്രിക്കീസ്സ് പക്ഷക്കാരനായിരുന്ന തൃശ്ശൂർ മിലിത്തിയോസ്സിനെതിരെ പാമ്പാടി റമ്പാനെക്കൊണ്ട് മനോരമയിൽ ലേഖനം ചമച്ച്, വിഘടിതരെ സംരക്ഷിച്ചു. ഇന്ത്യൻ നീതിന്യായ വ്യവസ്ഥിതി പ്രകാരം ഇവിടെ നിലനിൽപ്പില്ലാത്ത യാക്കോബായ എന്ന പുത്തൻകുരിശ് പ്രസ്ഥാനത്തിന് പാലുകൊടുത്ത് വളർത്തിയത് ഉമ്മൻചാണ്ടി എന്ന ആൾക്കൂട്ടത്തെ പ്രണയിക്കുന്ന നേതാവാണ്. എറണാകുളം ജില്ലയിലെ സംഘടിത സംഘമായ കേഫ എന്ന തീവ്രവാദി സംഘടനയെ തീവ്രവാദിപ്പട്ടികയിൽ നിന്ന് ഒഴിവാക്കിയത് അന്തിമോസ്സ് അറിഞ്ഞിട്ടില്ല. പ.മാത്യൂസ് ദ്വിതീയൻ ബാവയുടെ ഇറച്ചിക്ക് വിലയിടിച്ചതും ശ്രേഷ്ഠനെ മണർകാട് കയറ്റി സഹായിച്ചതും മലങ്കര വർഗ്ഗീസ് കേസിലെ പ്രധാന പ്രതി സരിതയെപ്പോലെ മന്ത്രിമാരുടെ തലയ്ക്കുമീതെ പ്രമുഖർക്കൊപ്പം ഇന്നും ജന്മദിനം ആഘോഷിക്കാൻ വഴിയൊരുക്കിയതും യു.ഡി.എഫ് ന്റെ കരുണയാണ്. അന്തിമോസിന്റെ കുറിപ്പിലെ ആദ്യ പരാമർശം സ്വാതന്ത്ര്യ പുലരിയെപ്പറ്റിയാണ്. മലങ്കരസഭ 1912 ലെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു എന്നാൽ അന്ന് മുതൽ അറബിയുടെ അടിമത്വം നിലനിർത്തി സ്വകാര്യസമ്പത്തും സ്ഥാനമാനങ്ങളും ഉണ്ടാക്കുന്ന കഥ പുറത്തുവിട്ടത് പുത്തൻകുരിശിൽ നിന്നും പുറത്താക്കിയ ക്ലിമിസ്സും കൂട്ടരുമല്ലേ? ഇന്ത്യൻ രാഷ്ട്രീയത്തിൽ ഇന്നും സാരി ധരിക്കുന്നവർ തന്നെയാണ് തലപ്പത്ത്. പക്ഷേ അന്തിമോസ്സിന്റെ സഭാസ്ഥാപകൻ സാരിതുമ്പിൽ തട്ടിതടഞ്ഞ് കോലഞ്ചേരി വിടേണ്ടി വന്നതുകൊണ്ട് മാത്യൂസിന് അന്തിമോസ്സാകാൻ ആയി. മാർത്തോമ്മാശ്ലീഹായുടെ ഭാരതസഭയുടെ ഒരു ചെറിയ ഭാഗത്തെ സിറിയായുടെ അടിമയാക്കാൻ വീതം വയ്ക്കാമെന്ന് ഉറപ്പ് നൽകിയതും ഉമ്മൻ ചാണ്ടി. അദ്ദേഹത്തെ മാധ്യമങ്ങൾ വഴി ആക്ഷേപിച്ച് ചണ്ടിയാക്കുമ്പോഴും സംരക്ഷകന്റെ പേജിൽ അദ്ദേഹത്തോടൊപ്പം ഞെളിഞ്ഞുനിന്ന് ഫോട്ടോ എടുത്തു സുഖിക്കുന്ന ഷവലിയാർന്മാരും മെത്രാന്മാരും ഉണ്ടെന്ന സത്യം അന്തിമോസ്സ് കാണാതെ പോകരുത്.

നാട്ടുകാരുടെയും രാഷ്ട്രീയക്കാരുടെയും കണ്ണിൽപൊടിയിട്ട് കള്ളക്കരച്ചിലിലൂടെ 500 ലധികം കേസ്സിലെ പ്രതി എന്ന് സ്വയം വിലപിച്ച് പാവങ്ങളെ വഞ്ചിച്ച് പത്തുകൊല്ലംകൊണ്ട് കോടികളും, മണിമന്ദിരങ്ങളും-വിദേശസഭാതലവന്റെ പേരിൽ ഉണ്ടാക്കി സ്വയം അനുഭവിക്കുന്നവർ, വ്യാജസഭ സ്വിസ്സ് ബാങ്ക് അക്കൗണ്ട് ഉള്ള രാഷ്ട്രീയക്കാരെക്കാൾ അധമരല്ലേ? കെ.പി.യോഹന്നാന്റെ കൈയ്യിൽ നിന്ന് 150 കോടി വാങ്ങി. പുത്തൻകുരിശ് സഭയെ പുഷ്ടിപ്പെടുത്താൻ ശ്രമിച്ച കഥ പുറത്തുവിട്ടതും. യാക്കോബായ സഭയിലെ ഉന്നതന്മാരും ശ്രേഷ്ഠന്റെ സ്റ്റാഫും അനുയായികളുമല്ലേ? ചെറുവള്ളി എസ്റ്റേറ്റ് സ്വന്തമാക്കി യോഹന്നാൻ തിരുമേനിയെ രക്തസാക്ഷിയാക്കാത്തതിന്റെ ദുഖം ഇന്നും നിലനിൽക്കുന്നു. അതുകൊണ്ട് പത്രമാദ്ധ്യമങ്ങൾക്ക് വാർത്ത കുറഞ്ഞ ഘട്ടത്തിലാണ് സരിതയെന്ന തട്ടിപ്പുകാരി. ശ്രേഷ്ഠ തട്ടിപ്പുകാരെ തട്ടിമാറ്റി മുഖ്യമന്ത്രിയുടെ ഓഫീസ് കൈയ്യടക്കിയത്. അതിന്റെ രോക്ഷം അന്തിമോസിന്റെ സമകാലികത്തിൽ പ്രതിഫലിക്കുന്നുമുണ്ട്.

സരിതോർജ്ജ പ്രതികൾക്ക് തടവറയിൽ സൗകര്യം കൊടുത്തതിലും അന്തിമോസ്സിന് അലർജിയ. തൃക്കുന്നത്തു സെമിനാരി കൈയ്യേറാൻ തോമസ് ദിവന്നാസിയോസ്സ് ഗ്രയിറ്റ് മാർച്ച് നടത്തി അറസ്റ്റിലായപ്പോൾ, പോലീസ് സിംഹാസനം ഇട്ട് കുഷ്യനുള്ള കസേര നൽകി. ആ കുഷ്യൻ നെഞ്ചത്ത് അടുക്കിപ്പിടിച്ച് കുഷ്യനിൽ തല്ലി അലമുറയിട്ട് ആളെക്കൂട്ടിയ കഥ ഇന്നും മരിക്കാത്ത പോലീസുകാർ പറയും. അന്ന് തൃക്കുന്നത്ത് സെമിനാരിയിൽ നിന്ന് പുറത്താക്കിയ പുത്തൻകുരിശ് ബൂർദാബാദിനെ മുപ്പതുവർഷങ്ങൾക്കുശേഷം അവിടെ വീണ്ടും കയറ്റിയത് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയാണ്. മറക്കാതിരിക്കണം അന്തിമോസ്സേ. അന്നുമുതൽ ഇന്നുവരെ ഈ വൈദേശികാധിനിവേശക്കാരെ മലങ്കരസഭാവക തൃക്കുന്നത്ത് കയറി സംരക്ഷിക്കുന്നത് ഉമ്മൻചാണ്ടിയും, തിരുവഞ്ചൂരും തന്നെ. ഇച്ചിരയ്ക്ക് കുറവു വന്നപ്പോൾ വിവരക്കേട് വിളിച്ചുകൂവുന്നത്. അന്തിമോസ്സിന്റെ അന്ധതകൊണ്ടാണ്.

അധിനിവേശക്കാരന്റെ ഗാന്ധിസം

മഹാത്മാഗാന്ധി കോൺഗ്രസ്സിനെ നട്ടു നനച്ചുവളർത്തിയത് വൈദ്ദേശിക അധിനിവേശക്കാരെ പുറത്താക്കി. സ്വദേശ സ്നേഹവും ദേശീയതയും. സ്വാതന്ത്ര്യത്തിനും വേണ്ടിയാണ്. 1912 ലെ മലങ്കര നസ്രാണി അവരുടെ അടിമത്വ ചങ്ങല വലിച്ചുപൊട്ടിച്ചു. പക്ഷേ വൈദേശികരുടെ ചാരന്മാർ ഇന്നും മലങ്കരസഭയുടെ രക്തം ഊറ്റിക്കുടിക്കുന്നു. അതിന് അന്തിമോസ്സിനെപ്പോലുള്ളവരെ സംരക്ഷിക്കുന്നത് ഉമ്മൻ ചാണ്ടിയുടെ യു.ഡി.എഫ് ഗവണ്മെന്റു തന്നെ. കമാണ്ടർ തങ്കച്ചന്റെയും ബെന്നിയുടെയും കൂടെ കൂടുന്ന സിറിയൻ ചാരന്മാരുടെ കൂട്ടത്തെ കാണുമ്പോൾ ജനക്കൂട്ടത്തെ ഇഷ്ടപ്പെടുന്ന മുഖ്യൻ. തങ്കച്ചനങ്കിൾ പറയുന്നതെന്തും ചെയ്യും. അതിന്റെ പ്രത്യക്ഷോദാഹരണമല്ലേ സ്വന്തം ഇടവകയായ പുതുപ്പള്ളി പള്ളിയുടെ മുമ്പിൽ പുറമ്പോക്കിൽ ബദൽ പള്ളി പണിതു നൽകിയത്. പാത്രീക്കീസ് ബാവ ശ്രേഷ്ഠനൊപ്പം പുതുപ്പള്ളിയിലെത്തി ഉമ്മൻചാണ്ടിയെയും കുടുംബത്തെയും വാഴ്ത്തി അനുഗ്രഹിച്ചു. അനുഗ്രഹം ഇന്ന് നിഗ്രഹതുല്യമായി!അന്തിമോസ്സേ! ഈ സംരക്ഷകൻ തന്നെ അന്നത്തെ സമകാലികത്തിൽ ഉമ്മൻചാണ്ടിയെ ഉത്തമനായി വാഴ്ത്തിയെഴുതിയത് അന്ധതമൂലം അന്തിമോസ്സ് അറിയാതെപോയി.

തക്കത്തിനും സൗകര്യത്തിനും വാക്കും പ്രവർത്തിയും മാറുന്ന പുത്തൻ യാക്കോബായക്കാർ തോമാശ്ലീഹായെ കപ്യാരാക്കി. പിന്നെ കാവൽക്കാരനാക്കി. ഇപ്പോൾ പിതാവാക്കി. ഉമ്മൻ ചാണ്ടിയെ ഉത്തമനാക്കി പിന്നെ സ്വന്തം മുഖ്യമന്ത്രിയാക്കി. ഇപ്പോൾ ഉമ്മൻ ചാണ്ടിയെ വെറും ചണ്ടിയുമാക്കി, തള്ളിപ്പറയുന്നു കഷ്ടം.

ഇനി അല്പം പച്ച പരമാർത്ഥം. കോലഞ്ചേരിയിൽ മാധ്യമങ്ങളെ അകറ്റി നിരാഹാരം കിടന്ന ശ്രേഷ്ഠൻ ഏത്തയ്ക്ക തിന്നുന്ന പടം പകർത്തിയ റിപ്പോർട്ടർ ചാനലുകാരെ തല്ലിയതും അന്തിമോസ്സ് തമസ്ക്കരിച്ചു. മാവിലശ്ശേരിയിൽ ശ്രേഷ്ഠന്റെ കണ്ണട ചവുട്ടിപ്പൊട്ടിച്ചതിന് അന്തിമോസ് വിലപിച്ചു. കോലഞ്ചേരിയിൽ റിപ്പോർട്ടർ ചാനലുകാരുടെ ക്യാമറ തല്ലിപ്പൊട്ടിച്ച കഥ തിരുമേനി കുറിച്ചില്ല. 2 ലക്കം മുൻപ് മൂലേ മർദിനോ ദി മർദ്ദൂത്തോ പുത്തൻയാക്കോബായ സഭാസ്ഥാപനത്തിനായി മാദ്ധ്യമങ്ങളെ സ്വാധീനിച്ച് പെയ്ഡ് ന്യൂസ് നൽകിയതും മറ്റും വിവരിച്ചിരുന്നു. കോലഞ്ചേരി പ്രശ്നത്തിന് ഏതുവിധേനയും എം.എൽ.എ. മാരെ സ്വാധീനിക്കാനയച്ച കത്തും കഴിഞ്ഞ വർഷം പുറത്തുവന്നു. അന്തിമോസ്സ് ഇതൊന്നും അറിയാതെ മാവിലശ്ശേരിയിൽ ഗവ.മാദ്ധ്യമങ്ങളെ തടഞ്ഞു എന്നു പറയുന്നത് സ്വന്തംഭാഗം ന്യായീകരിക്കലാണ്.

പോലീസിനെയും ആഭ്യന്തര മന്ത്രിയേയും അധിക്ഷേപിക്കുന്ന അന്തിമോസ്സ് ശ്രേഷ്ഠന്റെ ജന്മദിനത്തിന് ഐ.ജി. പത്മകുമാറിന് കേക്ക് നൽകി വശത്താക്കുന്നത് കാണാതെപോയി. ഒരു വശത്ത് തലോടലും മറുവശത്ത് കുത്തും. നല്ല സംസ്ക്കാരം, ക്രൈസ്തവസമൂഹത്തിനാകമാനം നാണക്കേട്. സോളാർ പ്രതികളെ ലോക്കൽ പോലീസ് പിടികൂടാൻ വൈകി സത്യം. മലങ്കര വർഗ്ഗീസ് കേസിൽ സി.ബി.ഐ. എത്ര ഗ്രൂപ്പാ അന്വോഷിക്കുന്നത്. പ്രതി മുമ്പിലുണ്ട്, സി.ബി.ഐ.യ്ക്ക് ചോദ്യം ചെയ്യാൻ പേടി. പ്രതി പറഞ്ഞ തെക്കേക്കര അച്ചനെ പ്രതിയാക്കി അറസ്റ്റ് പോലും നടന്നില്ല. ഇതിന്റെ പിന്നിലും തങ്കച്ചൻ, ബെന്നി, പൗലോസ്, ചാക്കോ, ജേക്കബ് തുടങ്ങിയ കമാണ്ടറന്മാർ ഉമ്മൻ ചാണ്ടിയെ ഉപയോഗിച്ചു. അതുകൊണ്ട് അന്തിമോസ് അന്ധത നടിക്കാതെ കണ്ണുതുറന്ന് സമകാലികം എഴുതുക. എന്തായാലും നമ്മുടെ പുത്തൻകുരിശ് മെത്രാൻന്മാർ തീവ്രവാദികളായ അറബികളുടെ ശ്രേഷ്ഠനിലവാരമുള്ളവരായി. തക്കത്തിനൊത്ത് ഭീകരത കാട്ടുന്ന കാട്ടുകൂട്ടംതന്നെ.

ഇനി തിരുവനന്തപുരത്ത് മുഖ്യമന്ത്രിയെ കണ്ട കഥ. ഇന്ത്യയിലെ പരമോന്നത ഭരണഘടനാ സ്ഥാപകനായ സുപ്രീംകോടതി അസന്നിദ്ധമായി പ്രഖ്യാപിച്ചു. 1934 ലെ സഭാ ഭരണഘടനയോട് കൂറും വിധേയത്വവും പ്രഖ്യാപിക്കുന്നവരുടേതാണ് മലങ്കരസഭയും, പള്ളികളും, സ്ഥാപനങ്ങളും ഈ സത്യം 1995-ൽ തന്നെ അന്നത്തെ പാത്രിയാക്കീസ് പക്ഷം സുന്നഹദോസ് പ്രസിഡന്റ് അഭി. പെരുമ്പള്ളി തുരുമേനി മൂലേ കോറിയച്ചന്റെ കോട്ടയം ഡയോസ്സിസ്സ് എന്ന മാസികയിൽ പ്രസിദ്ധീകരിച്ചു. ഇതംഗീകരിക്കാത്ത തോമസ് ദിവന്നാസിയോസ് 2002 ൽ പുതിയ ഭരണഘടനയും സഭയും ഉണ്ടാക്കി. സുപ്രിംകോടതി ഉത്തരവിനെ തൃണവൽക്കരിക്കാൻ ഉമ്മൻ ചാണ്ടിയും, മനോരമയും ദിവന്നാസിയോസ്സിനെ സഹായിച്ചു. അങ്ങിനെ ഉമ്മൻ ചാണ്ടിയോടു പറ്റിച്ചേർന്നവർ ഉമ്മൻ ചാണ്ടിയുടെ ചാറൂറ്റി. അതിന്റെ തെളിവാണ് നാല് എം.എൽ.എ. മാരെ പിൻവലിക്കും എന്ന് തിരുവനന്തപുരത്തുപോയി മുഖ്യമന്ത്രിയെയും ആഭ്യന്തര മന്ത്രിയെയും ഭീഷണിപ്പെടുത്തിയത്. തുടക്കത്തിൽ മുഖ്യനെ ആദരിച്ചും ബഹുമാനിച്ച് വാഴ്ത്തി അനുഗ്രഹിച്ചവർ തിരുവന്തപുരത്ത് സിംഹാസനമിട്ട് മന്ത്രിമാരെ രണ്ടടി താഴെ അടിമകളാക്കി ബെഞ്ചിലിരുത്തിയാണ് ഭീഷണിപ്പെടുത്തിയത്. യജമാനന്മാരുടെ മുമ്പിൽ മന്ത്രിമാർ പഞ്ചപുഛമടക്കി ഇരിക്കുന്നു. ആ ചിത്രം പത്രമാദ്ധ്യമങ്ങളിലും സംരക്ഷകനിലും പ്രസിദ്ധീകരിച്ചു. ഉമ്മൻ ചാണ്ടി വടി കൊടുത്ത് അടി വാങ്ങിയത് ആദ്യം പുത്തൻകുരിശുകാരിൽ നിന്നാണ്. അപ്പോഴാണ് സരിത മനസ്സിലാക്കിയത് തട്ടിപ്പുകാരായ പുതിയ പുത്തൻ ക്രിസ്ത്യാനികൾ ഇത്രയധികം ആസ്തിയും കോടികളും നേടി. ഞങ്ങൾക്ക് എന്താ കൈയ്ക്കുമോ എന്ന് കരുതി. ഇത് അന്തിമോസ്സിനും കൂട്ടർക്കും ഇഷ്ടമായില്ല. അതുകൊണ്ടാകാം അന്തിമോസ്സ് സമകാലികത്തിൽ ഉമ്മൻചാണ്ടിയെ തള്ളിയെഴുതിയത്.

യാതൊരു നിയമസാധുതയുമില്ലാത്ത ശ്രേഷ്ഠന്റെ 2002 ലെ സഭ മലങ്കരനസ്രാണിയുടെ പള്ളികൾ കൈവശംവെയ്ക്കാനനുവദിച്ചതും ഉമ്മൻചാണ്ടി എന്ന മുഖ്യമന്ത്രിയുടെ ഔദാര്യം ഒന്നുമാത്രം എന്ന് അന്തിമോസ്സ് തിരുമേനി മനസ്സിലാക്കണം. മലങ്കര ഓർത്തഡോക്സ് അഥവാ യാക്കോബായ സഭയിൽ ഇന്ന് മെത്രാൻ കക്ഷിയോ ബാവകക്ഷിയോ ഇല്ല. സുപ്രീം കോടതി ഉത്തരവ് ലംഘിച്ച സിറിയൻ തീവ്രവാദികൾ 2002 ൽ രജിസ്റ്റർ ചെയ്ത തോമസ് പ്രഥമന്റെ സ്വകാര്യ ട്രസ്റ്റ് എങ്ങിനെ യാക്കോബായ സഭയാകും? ഉമ്മൻ ചാണ്ടിയും മനോരമയും കൂടി നിങ്ങളെ യാക്കോബായ ആക്കി അതിന്റെ തിക്തഫലം പലരൂപത്തിൽ ഉമ്മൻചാണ്ടിയെ വേട്ടയാടുന്നു. അതിന് സരിതയുടെ പേര് പറഞ്ഞ് ഉമ്മൻ ചാണ്ടിയേ തേജോവധം ചെയ്യുന്നത് അടുത്ത ഭരണക്കാരെ സ്വാധീനിച്ചു വഴി തെറ്റിക്കാനല്ലേ. ഇവിടുത്തെ യഥാർത്ഥ യാക്കോബായ സഭയെ പീഡിപ്പിച്ച് പള്ളികൾ കൈയ്യേറുന്നത് പുതിയ പുത്തൻ കുരിശ് സഭക്കാരാണ്. അതിനുപിന്നിൽ തങ്കച്ചന്റെ യു.ഡി.എഫും. സത്യത്തിൽ പുത്തൻ യാക്കോബായ സഭ സ്ഥാപിച്ചു സംരക്ഷിക്കുന്ന ഇന്ത്യൻ യാക്കോബുദ്ദാന ഉമ്മൻ ചാണ്ടി എന്ന ഓർത്തഡോക്സുകാരൻ. യാക്കോബായ ബാവയ്ക്ക് എന്തിന് യാക്കോബുബുർദാന എന്ന പേര്. അദ്ദേഹം ബണ്ടി ചോറിനെയും, വീരപ്പനെയും, സരിതയേയും വെല്ലാൻ പറ്റുന്ന വില്ലനായതുകൊണ്ട് ബൈബിളിൽ തന്നെ അദ്ദേഹത്തിന് പറ്റുന്ന എത്രയോ പേര് ഉണ്ട്. പുത്തൻകുരിശ് യാക്കോബാക്കാർ ഇന്ത്യാക്കാരാണെന്ന അവകാശവാദം ശരിയാണ്. ആധാർകാർഡ് ഉണ്ട്. പക്ഷേ സിറിയക്കാരുടെ കീഴ്സ്ഥാനിയുടെ കീഴാളുകളാണ്. ഭാരതമാതാവിനെ (അമ്മയെ) മറന്നാലും സിറിയായേ (അന്ത്യാഖ്യ) മറക്കില്ല. അവിടെത്തെ അതിക്രമം ഇവിടെ തുടരുകയും ചെയ്യും. ക്രിസ്തുവിൽ നമ്മെ ജനിപ്പിച്ച മാർത്തോമായുടെ പൈതൃകവും വേണ്ട. കാശ്മീർ തീവ്രവാദികളായ ഇന്ത്യാക്കാർക്കും ആധാർ കാർഡുണ്ട്. അവരുടെ ആവശ്യം കാശ്മീർ പാക്കിസ്ഥാന് നൽകണം, ചോറ് ഇങ്ങും കൂറ് അങ്ങും.

പിറവം തിരഞ്ഞെടുപ്പ്

പിറവത്ത് ശ്രേഷ്ഠ ബാവ റ്റി.എം. ജേക്കബിന്റെ മൃതദേഹത്തെ തൊട്ടുകൊണ്ടു ഉമ്മൻ ചാണ്ടി ഗവ: നോട് പറഞ്ഞു. ജേക്കബിന്റെ മകനെയോ, ഭാര്യയെയോ സ്ഥാനാർത്ഥിയാക്കി മന്ത്രിയാക്കണം. അങ്ങിനെ ജോണി നെല്ലൂരിനെ ഒഴിവാക്കി ശ്രേഷ്ഠ ആജ്ഞപ്രകാരം ആനൂപിനെ മന്ത്രിയാക്കി. തങ്കച്ചനെ കൺവീനറാക്കി. തങ്കച്ചനും കൂട്ടരും ശ്രേഷ്ഠനെക്കൊണ്ട് പുതിയ സഭ പണിയിച്ചു. ഇതിനെല്ലാം ഉമ്മൻചാണ്ടി കൂട്ടുനിന്ന് മലങ്കര സഭയെ മാലോകരുടെ മുമ്പിൽ കളങ്കിതയാക്കി. അന്തിമോസ്സേ അരിയും തിന്ന് ആശാരിച്ചിയേയും കടിക്കുന്ന നയം മെത്രാന്മാർക്ക് ഭൂഷണമല്ല. കഴിഞ്ഞ തൃക്കുന്നത്ത് പെരുനാളിന് ധൂപം വയ്ക്കാനാകാത്തതും തിരുവഞ്ചൂരിന്റെ കുഴപ്പമാണെന്ന തിരുമേനിയുടെ തിരുവചനം ശരിയല്ല. ശ്രേഷ്ഠന്റെ പെട്ടി ചുമട്ടുകാരൻ കലക്ടർ കോടതിയിൽ പോയി അനുമതി വാങ്ങി പക്ഷേ കഴിഞ്ഞ വർഷം ശ്രേഷ്ഠൻ വി. കുർബ്ബാനയെ പിതാക്കന്മാരുടെ കബറിടത്തിൽ നിന്ന് 5 മിനിറ്റ് കളിയാക്കി. അതുകൊണ്ട് അവിടെ കബറടക്കിയ പിതാക്കന്മാർ ശ്രേഷ്ഠനെ വിലക്കി. അതിന് തിരുവഞ്ചൂരിനെ പഴിചാരുന്നത് എന്തിന്?

ഉമ്മൻ ചാണ്ടിയും ഓഫീസും സന്തത സഹചാരികളായവരും പുത്തൻകുരിശ് സഭയ്ക്ക് ചെയ്തു തന്ന നിയമ വിരുദ്ധ നടപടികളെ ഓർക്കാതെ പുത്തൻകുരിശ് പാത്രിയാർക്കാ സെന്ററിന്റെ പടി ഒറ്റ കോൺഗ്രസുകാരനെയും ചവിട്ടിക്കില്ല എന്ന ഭീഷണി എങ്ങനെ നടപ്പാകും. യു.ഡി.എഫ് കൺവീനർ തങ്കച്ചനും, ഉമ്മൻചാണ്ടിയുടെ സന്തത സഹചാരി ബെന്നിച്ചനും, വെള്ളാപ്പള്ളിയുടെ കാലു പിടിച്ച പൗലോസും ശ്രേഷ്ഠന്റെ സംരക്ഷണ കമാൻഡർമാരാണെങ്കിലും കോൺഗ്രസുകാരായ ഇന്ത്യാക്കാരുടെ ലേബലിലാണറിയപ്പെടുക. പിന്നെ അനൂപ് മന്ത്രി, ബാബുമന്ത്രി, കുരുവിളയങ്കിൾ ഇവരെയൊക്കെ ഒറ്റയടിക്ക് ഒഴിവാക്കിയാൽ പുത്തൻകുരിശ് സഭ മൂവാറ്റുപുഴ ആറ്റിലൂടെ അറബിക്കടലിൽ പതിയില്ലേ. സിറിയൻ തീരത്ത് അടിഞ്ഞാൽ ഇനിയവിടെ സഭയും ഇല്ല പത്രിക്കീസും ഇല്ല പിന്നെ സുന്നത്തു ചെയ്ത് അറബിയാകാം. പള്ളിയെയും പട്ടക്കാരെയും വേണ്ടാത്ത മെത്രാന്മാരെ നികൃഷ്ടജീവി എന്നു പറയുന്ന പാർട്ടിയിലെ സാജു പോളിനെ കണ്ട് തിരുമേനി തിരുമണ്ടനായിപ്പോയല്ലോ? കോൺഗ്രസിനെ പിണക്കി യാൽ സി.ബി.ഐ. യെ കൂടുതുറന്നുവിട്ടാൽ കാമകോടി മഠാധിപതിയുടെ ഗതി പുത്തൻകുരിശ് സഭയ്ക്കും ഭവിക്കും.

എന്തായാലും ഓർത്തഡോക്സ് സഭയുടെ രക്തത്തിൽ നിന്ന് രക്തവും, മാംസത്തിൽ നിന്ന് മാംസവുമായ മുഖ്യമന്ത്രിയെ മുടിയനായ പുത്രനെ സ്വീകരിച്ചതുപോലെ തിരുസഭ തിരികെ പിടിക്കും. മുഖ്യമന്ത്രിയുടെ ചുറ്റും നിന്ന് വഞ്ചിച്ച സിറിയൻ ചാവേറുകളുടെ മാനസാന്തരത്തിനായി മർത്തോമാ ശ്ലീഹായും പ.കാതോലിക്കാബാവമാരും മറ്റു പിതാക്കന്മാരും പ്രാർത്ഥിക്കും. 99 നെയും തൃജിച്ച് നഷ്ടപ്പെട്ട ഒന്നിനെ തേടുന്ന ഇടയശ്രേഷ്ഠത സഭാനേതൃത്വം കാട്ടിത്തരും. പശ്ചാത്തപിച്ച് തിരിച്ചെത്തുമ്പോൾ ശൗലിന്റെ രൂപവും ഭാവവും മാറി വി.പൗലോസായി മുഖ്യമന്ത്രി പൂർവ്വാധികം ശക്തിയോടെ തിരിച്ചുവന്ന് പൗലോസ് രണ്ടാമനാണ് മലങ്കരസഭാധിപതി എന്ന സത്യവും സുപ്രിം കോടതി ഉത്തരവും തിരിച്ചറിയും നിശ്ചയം.

മാർത്തോമായുടെ ഭാരത നസ്രാണികൾ നീണാൾ വാഴട്ടെ

പേജ് 3 ൽ നിന്നും

കൂടുമ്പോൾ സിറിയൻ ഓർത്തഡോക്സ് പാത്രീക്കീസിനുമുണ്ട് ഒരു ഉപരിസ്ഥാനം. അതുകൊണ്ട് മലങ്കരസഭയുടെ അധികാരി പാത്രീക്കീസാവില്ല 2002 ൽ പുത്തകരിശിൽ രജിസ്റ്റർ ചെയ്ത പുത്തൻ യാക്കോബായ ക്രിസ്ത്യാനി സഭ ഇതിൽ ഒന്നിലും പെടില്ല.

ഇന്ന് കോൺഗ്രസ് പാർട്ടിയിൽ എ.ഐയും ഗ്രൂപ്പ്കാർ കിട മത്സരം നടത്തുന്നു. ഏക്കാർ മുഖ്യമന്ത്രി പദം അലങ്കരിക്കുന്നു.
ഭൂരിപക്ഷ സമുദായക്കാർ പറയുന്നു ഐകാർക്കും താക്കോൽസ്ഥാനം വേണം. (പുത്തൻകുരിശ് സഭയിലും താക്കോല് കൈയ്യിലുള്ള ബാവ മതി. സ്ലിബാ കൈയ്യിലുള്ള കാതോലിക്കാ ബാവാ കീഴ്സ്ഥാനിയാണന്നാണ് വാദം)

ഈ ഘട്ടത്തിൽ കോൺഗ്രസ്സ് ഭരിക്കുന്ന കർണ്ണാടകയിൽ ചെന്ന് അവിടുത്തെ ഗവർണ്ണറെ സ്വാധീനിച്ച് രമേശിനെ അവിടെ വച്ച് സത്യപ്രതിജ്ഞ ചൊല്ലിച്ച് കേരളമുഖ്യമന്ത്രിക്ക് ബദലായി അയച്ച് ഐ. യുടെ MLA മാരുടെ മണ്ഡലം സ്വന്തമാക്കി ഭരിക്കാനാകുമെങ്കിൽ തോമസ്സ് പ്രഥമന്റെ സഭാ നിലപാടും മർദൂത്തോ അച്ചന്റെ ചരിത്രവും ശരിതന്നെ. മുളംതുരുത്തി സുന്നഹദോസ്സും, പള്ളികൾ പാത്രീക്കീസിന്റെ പേരിൽ ഉടമ്പടി എഴുതിയതും മാർത്തോമ്മാശ്ശീഹായുടെ സഭയെ പാത്രിക്കീസിന്റെ സഭയാക്കാനുള്ള തന്ത്രമായിരുന്നു. അതുപോലെ ഇഡ്യൻ സുപ്രീം കോടതി അംഗീകാരമുള്ള 1934 ലെ സഭ ഭരണഘടന പ്രകാരം ഭരിക്കപ്പെടേണ്ട 1600 ലധികം പള്ളികളിൽ ചിലതിൽ അനധീകൃതമായി കയറികൈവശപ്പെടുത്തിയും, പൂട്ടിച്ചും അതിക്രമം കാട്ടി അരാജകത്വം സൃഷ്ടിച്ച് വെടക്കാക്കി തനിക്കാക്കി. പുതിയ സഭ സ്ഥാപിച്ചശേഷം നിലനിന്നുവരുന്ന സഭക്ക് വീണ്ടും രജിസ്ട്രേഷൻ എന്താ അച്ചാ, ഇതു വെള്ളരിക്കപട്ടണമോ ? പുതുപ്പള്ളി പള്ളി എന്നു പറഞ്ഞാൽ പുതുപള്ളിയിലെ സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി തന്നെയാ - നിലയ്ക്കൽ പള്ളി പുതുപ്പള്ളിയിലാണെങ്കിലും പുതുപ്പള്ളി പള്ളിയാകില്ല. ഇരവിനല്ലൂരിൽ പുതുപ്പള്ളി പള്ളി എന്ന പേരിലുള്ള പുതിയ പാത്രിയർക്കാ പള്ളിയും പുതുപ്പള്ളി പള്ളിയാകില്ല. പക്ഷെ അച്ചന്റെ ചരിത്രപ്രകാരം പാത്രിയർക്കാ പള്ളി പുതുപള്ളി പള്ളിയാകും. കുറച്ചുപേരെ കുറെക്കാലത്തേക്ക് വഞ്ചിക്കാം. മലങ്കര ഓർത്തഡോക്സ് സഭയുടെ ഭരണഘടനക്കു വിരുദ്ധമായി മറ്റുസഭകളുടെ കീഴ്ഘടകമായി സ്ഥാനമേറ്റവർക്ക് മലങ്കരസഭയുടെ പള്ളികളിൽ നിയമപരമായി യാതോരവകാശവുമില്ല. അതിക്രമങ്ങളും കൊലയും നടത്തി പ്രശ്നം നിലനിർത്താനുള്ള പണത്തിന്റെ സ്രോതസ്സും മലങ്കരവർഗ്ഗീസിന്റെ യഥാർത്ഥ പ്രതിയെയും നിയമത്തിന്റെ മുന്നിലെത്തിച്ചാൽ എറണാകുളം ജില്ലയിലെ പള്ളി പ്രശ്നങ്ങൾ തീരും. സുപ്രീം കോടതി ഉത്തരവിനുമീതെ മീഡിയേഷൻ സെല്ലും ഉപസമതിയും അച്ചന്റെ ആധുനിക സഭാചരിത്രങ്ങളും പാത്രീക്കീസിന്റെ വ്യാജ സ്ഥാനങ്ങളും ദിനംപ്രതി ജനിക്കുന്നു. ഇവയെല്ലാം വഞ്ചനയും കാപട്യവുമാണെന്ന് തെളിയും. സത്യം മൂന്നാം നാൾ ഉയർക്കും നിശ്ചയം.

സുപ്രീം കോടതി ഉത്തരവിനുശേഷം സഭാ യോജിപ്പിൽ കൂടെ സഭയിൽ ചേർന്നത് പാത്രീക്കീസ് പക്ഷത്തെ ഉന്നതശീർഷകത്വവും കേസ്സ് നടത്തിപ്പുകാരുമായിരുന്ന വിദ്യാഭ്യാസവും വിവരമുള്ള മെത്രാന്മാർ തന്നെയാ. നാലാം ക്ലാസുകാരും വ്യാജ ഡോക്ടർമാരും ചേർന്നില്ല. ഇടുക്കി ക്ലിമീസിനെ സ്ത്രീവിഷയം പറഞ്ഞ് ഒതുക്കിയതുപോലെ ചിലമെത്രാന്മാരെ തോമസ്സ് ദിവന്നാസിയോസ്സ് ഒതുക്കി. മാതൃസഭയിൽ ചേർന്ന ഒരു മെത്രാനെയും അത്തരം ഭീഷണിയിലൂടെ തിരിച്ചു പിടിച്ചു. പിന്നീട് കോടികൾ വാങ്ങി തുരുതുരെ മെത്രാന്മാരെ വാഴിച്ച കൂട്ടത്തിൽ മാതൃസഭയിൽ ചേർന്ന മെത്രാന്മാരുടെ കൈയ്യാളുകളെയും സ്ഥാനികളാക്കി. കഴിഞ്ഞ പത്തുകൊല്ലംകൊണ്ട് ഉണ്ടാക്കി എടുത്ത പുതുസഭ പാത്രീക്കീസ് പക്ഷ.മോ യാക്കോബായ സഭയോ ആകുന്നില്ല. കെ.പി. യോഹന്നാന്റെ സഭയിൽ ലയിക്കാൻ അച്ചാരം വാങ്ങിയ പതുസഭയിലെ ചരിത്രകാരനച്ചന്റെ ഐക്യത്തോടും സമാധാനത്തോടും ഉള്ള അലേർജി അസഹനീയം തന്നെ. ബഹുജനം നോക്കുമ്പോൾ എന്തോരു എക്യൂമിനിസമാ - പെന്തക്കോസ്തു സഭയായ യോഹന്നാന്റെ സമ്പത്തിലും കണ്ണുവച്ചില്ലേ. പണവും സമ്പത്തും നിലനിർത്താൻ സഭ സ്ഥാപിച്ച കെ.പി. യോഹന്നാൻ മെത്രനായതുംസമ്പത്തും പണവും നിലനിർത്താനായിരുന്നു. തോമസ്സ് പ്രഥമൻ കാതോലിക്കയാണെന്നും യാക്കോബായ സഭയാണെന്നും പറഞ്ഞ് 2002 ൽ സഭ രജിസ്റ്റർ ചെയ്തത് പള്ളിയും സമ്പത്തും സംരക്ഷിക്കാനാണെന്ന് ഹോമിയോ അച്ചന്റെ ലേഖനവും സമർദ്ധിക്കുന്നണ്ടല്ലോ? നിലനില്പിനും, സ്ഥാനമാനത്തിനും വേണ്ടി സഭാസത്യങ്ങളെ കണ്ണടച്ച് ഇരുട്ടാക്കുന്ന ഡോ അച്ചന് സുബോധം നഷ്ടപ്പെട്ട് സമനിലതെറ്റിയോ എന്നുവരെ ശങ്കിക്കേണ്ടിവരുന്നു.

സഭയുടെ ഭിത്തിയെ ബലവത്താക്കുവാനും സഭാഗാത്രത്തിന് ശക്തി പകരുവാനുമായി അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരിക്കുന്നത്
Almayavedhi: Printed and published by K.V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedhi, P.B. No. 652, Kottayam-686 001. Published from Kottayam. Editor: Philipose Pottakkavayalil Ph: 9349754448. Printed at: ESJAY, Ktm-1. Tel: 2300519 **For Private Circulation Only**